# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പുറത്തൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in
ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.24/2534/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 20/12/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

ബഹു.മേയർ (സെക്രട്ടറി മുഖേന)
പുറത്തൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പുറത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുറത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.24/2534/2023 തീയ്യതി: 20/12/2023

## മലപ്പുറം ജില്ലയിലെ പുറത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പുറത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 27-02-2023 മുതൽ 05-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ചിത്രലേഖ.കെ.കെ | ഡെപ്യൂട്ടി ഡയറക്ടർ | 06-11-2023 | 14-11-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-11-2023 | 14-11-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.അബ്ദുൽ റഷീദ്.എം.പി,ഓഡിറ്റ് ഓഫീസർ

ശ്രീ.സന്തോഷ്.പി.ടി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.മുഹമ്മദ് സിയാദ്.പി.പി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.മൊയ്തീൻ ഫാസിൽ.കെ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ശ്രീനിവാസൻ.സി.ഒ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി. സിന്ധു ആർ ദാസ് | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.റീന.എ.എം. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-05-2022 |
| ശ്രീ.ഫ്രെഡ്ഡി.കെ.എസ് | അസിസ്റ്റന്റ് സെക്രട്ടറി ഇൻ ചാർജ് | 01-06-2022 | 20-10-2022 |
| ശ്രീ.പ്രദീപ്.ആർ | അസിസ്റ്റന്റ് സെക്രട്ടറി | 21-10-2022 | 31-03-2023 |
| ശ്രീ.രാജീവ്.പി.ഒ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 15-10-2022 |
| ശ്രീ.സിനു.എൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 16-10-2022 | 31-03-2023 |
| ശ്രീമതി.ഹസ്ന.കെ. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. ലീന പി | കൃഷി ഓഫീസർ | 01-04-2022 | 29-07-2022 |
| ശ്രീമതി.ഫർസാന ഷെമിൻ.പി | കൃഷി ഓഫീസർ | 30-07-2022 | 22-09-2022 |
| ശ്രീമതി.ശരണ്യ.പി | കൃഷി ഓഫീസർ | 23-09-2022 | 27-10-2022 |
| ശ്രീമതി.ഫാത്തിമത്ത് സുഹൈല | കൃഷി ഓഫീസർ | 28-10-2022 | 31-03-2023 |
| ഡോ.പ്രേംകൃഷ്ണൻ | വെറ്റിനറി സർജൻ | 01-04-2022 | 25-09-2022 |
| ഡോ.വിനീത് രവീന്ദ്രൻ | വെറ്റിനറി സർജൻ | 26-09-2022 | 15-02-2023 |
| ഡോ.ധന്യ സുരേഷ് | വെറ്റിനറി സർജൻ | 16-02-2023 | 09-03-2023 |
| ഡോ.വിനീത് രവീന്ദ്രൻ | വെറ്റിനറി സർജൻ | 10-03-2022 | 31-03-2023 |
| ഡോ.ഷംജിത | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി)) | 01-04-2022 | 31-03-2023 |
| ശ്രീ.മുഹമ്മദ് സാലിം | ഹെഡ് മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീ.ശ്യാമാധരൻ.എസ്. | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2022 | 30-12-2022 |
| ശ്രീമതി.അഞ്ജന സുനിൽ | ഫിഷറീസ് ഇൻസ്പെക്ടർ | 31-12-2022 | 31-03-2023 |
| ശ്രീ.ഷാജിത്ത്.കെ. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ.അഭിജിത്ത് | വി.ഇ.ഒ(പുറത്തൂർ സർക്കിൾ) | 01-04-2022 | 15-07-2022 |
| ശ്രീമതി.സന്ധ്യ | വി.ഇ.ഒ(പുറത്തൂർ സർക്കിൾ) | 25-07-2022 | 31-03-2023 |
| ഒഴിവ് | വി.ഇ.ഒ(പുറത്തൂർ സർക്കിൾ) | 16-07-2022 | 24-07-2022 |
| ശ്രീമതി. ആൻസോ. സി. | വി.ഇ.ഒ(പുതുപ്പള്ളി സർക്കിൾ) | 01-04-2021 | 31-03-2023 |

.

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ലൈസൻസ് വരവ്-രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല | 1-1-1 |
| 3 | സി.എഫ്.സി ഇനത്തിലുള്ള നീക്കിയിരിപ്പിൽ അപാകത | 1-1-2 |
| 4 | പ്രൊഫഷൻ ടാക്സ് വരവ്-രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | ഡെപ്പോസിറ്റ് ഇനത്തിലെ വരവിൽ വ്യത്യാസം | 1-1-4 |
| 6 | എൻ.ആർ.ഇ.ജി.എസ് ക്യാപിറ്റൽ ഇനത്തിലേക്കുള്ള ചെലവ് B-3 യിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-5 |
| 7 | എൻ.ആർ.ഇ.ജി.എസിന് നൽകിയ അഡ്വാൻസിൽ വ്യത്യാസം | 1-1-6 |
| 8 | എൻ.ആർ.ഇ.ജി.എസ് ക്യാഷ് സ്റ്റേറ്റ്മെന്റിൽ അപാകത | 1-1-7 |
| 9 | ഓഡിറ്റ് റിക്കവറി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-8 |
| 10 | ഫെസ്റ്റിവെൽ അഡ്വാൻസ് ക്രമീകരിക്കാൻ അവശേഷിക്കുന്നു | 1-1-9 |
| 11 | വാർഷിക കണക്ക് സുലേഖ ചെലവ് സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | ഇൻവെസ്റ്റ്മെന്റിലെ അപാകത | 1-1-11 |
| 13 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എ.എ.എഫ്.എസുമായി പൊരുത്തപ്പെടുന്നില്ല | 1-1-12 |
| 14 | റൂറൽ ഹൗസിംഗ് ഫോർ ഓൾ ഇനത്തിൽ അപാകത | 1-1-13 |
| 15 | എ.സി.ആർ ക്രമപ്രകാരം സൂക്ഷിക്കുന്നില്ല | 1-1-14 |
| 16 | ലേലം ഇനത്തിലെ വരവിൽ കുറവ് | 1-1-15 |
| 17 | ഫെറി ചാർജ് കളക്ഷനിൽ കുറവ് | 1-1-16 |
| 18 | മാർക്കറ്റ് റസീപ്റ്റ് ഇനത്തിലെ വരവ്-അപാകത | 1-1-17 |
| 19 | ബസ്സ്റ്റാന്റ് ഫീസ്-അപാകത | 1-1-18 |
| 20 | ലോൺ ഇനത്തിലെ അപാകത | 1-1-19 |
| 21 | അക്കൗണ്ട് നീക്കിയിരിപ്പിൽ അപാകത | 1-1-20 |
| 22 | ബാങ്ക് അക്കൗണ്ട് വിവരം പരിശോധനക്ക് ഹാജരാക്കിയിട്ടില്ല | 1-1-21 |
| 23 | വസ്തുനികുതി ഡി.സി.ബി എ.എഫ്.എസുമായി പൊരുത്തപ്പെടുന്നില്ല | 1-1-22 |
| 24 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-23 |
| 25 | ബജറ്റ് | 1-2 |
| 26 | സാമ്പത്തിക വിശകലനം | 1-3 |
| 27 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-4 |
| 28 | പദ്ധതി അവലോകനം | 1-5 |
| 29 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 30 | ക്ഷേമപദ്ധതികൾ | 1-7 |
| 31 | ക്യാഷ് പരിശോധന | 1-8 |
| 32 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 33 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 34 | തനത് വരുമാനം-അവലോകനം | 1-11 |
| 35 | നിക്ഷേപ പ്രവൃത്തികൾ– അവലോകനം | 1-12 |
| 36 | വസ്തു നികുതി ഈടാക്കിയതിലെ അപാകതകൾ | 1-13 |
| 37 | ലൈസൻസ് പിരിവിലെ അപാകത | 1-14 |
| 38 | തൊഴിൽ നികുതി പിരിവിലെ അപാകത | 1-15 |
| 39 | കരാർ കാലയളവിനുള്ളിൽ പ്രൊജക്ട് പൂർത്തീകരിക്കാതിരുന്നിട്ടും പിഴ ചുമത്തിയിട്ടില്ല | 1-16 |

| | | |
|---|---|---|
| 40 | വർക്കിംഗ് ഗ്രൂപ്പ് -അപാകതകൾ | 1-17 |
| 41 | അലോപ്പതി മരുന്നുകൾ ലഭ്യമായില്ല | 1-18 |
| 42 | ഡെസ്ക് ടോപ്പും പ്രിന്ററും ലഭ്യമായതിന്റെ വിവരം അറിയിക്കേണ്ടതാണ് | 1-19 |
| 43 | ഫെസ്റ്റിവൽ അഡ്വാൻസ് ക്രമീകരിച്ചതിന്റെ വിവരം ലഭ്യമാക്കിയില്ല. | 1-20 |
| 44 | ലൈബ്രറി സെസ്സ് അടവാക്കൽ - അപാകതകൾ | 1-21 |
| 45 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. ചെലവ് തുക തടസ്സം ചെയ്യുന്നു. | 1-22 |
| 46 | സർക്കാർ മാർഗ്ഗ നിർദേശങ്ങൾ പാലിക്കാതെ വിവാഹ ധനസഹായം നൽകി | 1-23 |
| 47 | അഗതിരഹിത കേരളം അക്കൗണ്ടിൽ വൻ തുക ചെലവഴിക്കാതെ അവശേഷിക്കുന്നു. | 1-24 |
| 48 | മെറിറ്റോറിയസ് സ്കോളർഷിപ്പ്- അപാകതകൾ | 1-25 |
| 49 | ലൈഫ് ഭവന നിർമാണം(എസ് സി):പുരോഗതി വിവരം ലഭ്യമല്ല | 1-26 |
| 50 | ശുചിത്വമിഷൻ ഫണ്ട്-വിനിയോഗ രേഖകൾ ഹാജരാക്കിയില്ല. | 1-27 |
| 51 | അംഗനവാടി ഹൈടെക് ആക്കൽ പദ്ധതിയിലെ അപാകതകൾ | 1-28 |
| 52 | രേഖകളും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കിയില്ല. | 1-29 |
| 53 | മുൻകൂർ ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ് | 1-30 |
| 54 | എസ്.എസ്.എ തുക അടവാക്കൽ: പദ്ധതി അപാകതൾ | 1-31 |
| 55 | ഹോമിയോ മരുന്ന് ലഭ്യമായില്ല | 1-32 |
| 56 | ചെലവു കണക്കുകൾ സുലേഖയിൽ ഉൾപ്പെട്ടില്ല | 1-33 |
| 57 | കോവിഡ് പ്രധിരോധ പ്രവർത്തനങ്ങളും മറ്റു പകർച്ച വ്യാധി നിയന്ത്രണ പ്രവർത്തനങ്ങളും:പദ്ധതി അപാകതകൾ | 1-34 |
| 58 | അസിസ്റ്റന്റ് എഞ്ചിനീയർ–കാഷ്ബുക്ക് എഴുതുന്നതിൽ അപാകത | 1-35 |
| 59 | എം.സി.എഫ് നിർമ്മാണം-അനർഹമായ നിരക്ക് കാരണം കരാറുകാരന് അധികം നൽകിയത്-- 21,772/- രൂപ | 1-36 |
| 60 | മാതൃകാ ലൈബ്രറി സജ്ജീകരിക്കൽ:പദ്ധതി അപാകതകൾ | 1-37 |
| 61 | ഇ-ടെണ്ടർ ഫീ പഞ്ചായത്തിലേക്ക് ലഭിച്ചില്ല. | 1-38 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | എം.സി.എഫ് നിർമ്മാണം-അനർഹമായ നിരക്ക് കാരണം കരാറുകാരന് അധികം നൽകിയത് 21772രൂപ | 3-1 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം. | 4-9 |
| 10 | ഓഡിറ്റ് പ്രത്യാവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കെ.എസ്.എ.ഡി ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 1(1)/14.07.2023 കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 15.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പുറത്തൂർ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി&എ.ജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും സി&എ.ജി നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പുറത്തൂർ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
മലപ്പുറം ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
തീയതി: കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

### 1-1-1 ലൈസൻസ് വരവ്-രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്കിലെ RP-45 ഷെഡ്യൂൾ പ്രകാരം വ്യാപാര വാണിജ്യ ലൈസൻസ് ഇനത്തിലുള്ള തൻ വർഷ വരവ് 97400/- രൂപയാണ്. എന്നാൽ രജിസ്റ്റർ പ്രകാരം ആയത് 99400/- രൂപയാണ്.

### 1-1-2 സി.എഫ്.സി ഇനത്തിലുള്ള നീക്കിയിരിപ്പിൽ അപാകത

B-4 പ്രകാരം സി.എഫ്.സി ഇനത്തിലുള്ള നീക്കിയിരിപ്പ് 18629756/-രൂപയാണ്.എന്നാൽ 40(b) പ്രകാരം ഈ ഇനത്തിലേക്കുള്ള നീക്കയിരിപ്പ്(കെ.ജി.ബി:40206101107416) 16296278/- രൂപയാണ്.

### 1-1-3 പ്രൊഫഷൻ ടാക്സ് വരവ്-രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

പ്രൊഫഷൻ ടാക്സ് ട്രേഡ്സ് ഇനത്തിൽ RP-45 പ്രകാരം തൻ വർഷ വരവ് 160420/- രൂപയാണ്. എന്നാൽ രജിസ്റ്റർ പ്രകാരം ആയത് 189410/- രൂപയാണ്.

### 1-1-4 ഡെപ്പോസിറ്റ് ഇനത്തിലെ വരവിൽ വ്യത്യാസം

RP-33 പ്രകാരം ഓക്ഷൻ ഡെപ്പോസിറ്റ് ഇനത്തിലെ തൻ വർഷ വരവ് 4600/- രൂപയാണ്.എന്നാൽ രജിസ്റ്റർ പ്രകാരം

ആയത് 6000/- രൂപയാണ്.

## 1-1-5 എൻ.ആർ.ഇ.ജി.എസ് ക്യാപിറ്റൽ ഇനത്തിലേക്കുള്ള ചെലവ് B-3 യിൽ ഉൾപ്പെടുത്തിയിട്ടില്ല

എൻ.ആർ.ഇ.ജി.എസ് ക്യാഷ് സ്റ്റേറ്റ്മെന്റ് പ്രകാരം ക്യാപിറ്റൽ ഇനത്തിലേക്കുള്ള ചെലവ് തുക 4503634/- രൂപയാണ്.എന്നാൽ B-3 പ്രകാരം ആയത് 3100892/- രൂപ മാത്രമാണ്.മുൻ വർഷ എ.എഫ്.എസ് പ്രകാരം ഈ ഇനത്തിൽ നീക്കിയിരിപ്പില്ല.

## 1-1-6 എൻ.ആർ.ഇ.ജി.എസിന് നൽകിയ അഡ്വാൻസിൽ വ്യത്യാസം

RP-49 പ്രകാരം എൻ.ആർ.ഇ.ജി.എസ് ചെലവിലേക്ക് അഡ്വാൻസ് ആയി നൽകിയ തുക 1261234/- രൂപയാണ്. എന്നാൽ എൻ.ആർ.ഇ.ജി.എസ് ക്യാഷ് ബുക്ക് പ്രകാരം ആയത് 1892074- രൂപയാണ്.

## 1-1-7 എൻ.ആർ.ഇ.ജി.എസ് ക്യാഷ് സ്റ്റേറ്റ്മെന്റിൽ അപാകത

എൻ.ആർ.ഇ.ജി.എസ് ക്യാഷ് സ്റ്റേറ്റ്മെന്റ് പ്രകാരം ഗുണഭോക്താക്കൾക്കായി നേരിട്ട് ചെലവഴിച്ച തുക 34218477/- രൂപയാണ്. എന്നാൽ I-14(c) പ്രകാരം ആയത് 31337566/- രൂപയാണ്.

## 1-1-8 ഓഡിറ്റ് റിക്കവറി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

RP-10 പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ 5000/- രൂപയുടെ വരവുണ്ടെങ്കിലും രജിസ്റ്റർ 2020-2021 സാമ്പത്തിക വർഷത്തിന് ശേഷം കാലികമാക്കിയിട്ടില്ലാത്തിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. (മുൻ വർഷവും ഈ ഇനത്തിൽ 5128/- രൂപയുടെ വരവുണ്ടായിരുന്നു.- രജിസ്റ്റർ ലഭ്യമാക്കിയില്ല)

## 1-1-9 ഫെസ്റ്റിവെൽ അഡ്വാൻസ് ക്രമീകരിക്കാൻ അവശേഷിക്കുന്നു

RP-49 പ്രകാരം ഫെസ്റ്റിവെൽ അഡ്വാൻസ് ഇനത്തിൽ 42000/- രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ ആയതിന്റെ ക്രമീകരണ വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. B-18 പ്രകാരം ഈ ഇനത്തിൽ 21000/- രൂപ തിരിച്ച് കിട്ടാനുണ്ട്)

## 1-1-10 വാർഷിക കണക്ക് സുലേഖ ചെലവ് സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല

I-6 പ്രകാരം കോൺട്രിബ്യൂഷൻ ടുവാർഡ്സ് ജോയിന്റ് വെൻചർ പ്രൊജക്ട് ഫ്രം ബ്ലോക്ക് പഞ്ചായത്ത് ഇനത്തിലുള്ള ചെലവ് 2879306/- രൂപയാണ്. എന്നാൽ ആയത് സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവ് 2897437/- രൂപയാണ്.

## 1-1-11 ഇൻവെസ്റ്റ്മെന്റിലെ അപാകത

B-12 പ്രകാരം ഇൻവെസ്റ്റ്മെന്റ് ഇനത്തിൽ 4287616/- രൂപയുടെ നീക്കിയിരിപ്പുണ്ടെങ്കിലും 3404524/- രൂപയുടെ ഇൻവെസ്റ്റ്മെന്റ് രേഖകൾ മാത്രമേ ഹാജരാക്കിയിട്ടുള്ളൂ.

തിരൂർ അർബൻ കോപറേറ്റീവ് ബാങ്ക്-1434667/-

പുറത്തൂർ സർവ്വീസ് സഹകരണ ബാങ്ക്-1969857/-

## 1-1-12 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എ.എ.എഫ്.എസുമായി പൊരുത്തപ്പെടുന്നില്ല

I-6 പ്രകാരം ഡെവലപ്പ്മെന്റ് ഫണ്ട് ജനറൽ വിഭാഗത്തിലെ ചെലവ് തുക 39459018/- രൂപയാണ്.എന്നാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം ആയത് 39178444/- രൂപയാണ്.

## 1-1-13 റൂറൽ ഹൗസിംഗ് ഫോർ ഓൾ ഇനത്തിൽ അപാകത

.B-4 പ്രകാരം റൂറൽ ഹൗസിംഗ് ഫോർ ഓൾ ഇനത്തിൽ 10780484/- രൂപയുടെ നീക്കിയിരിപ്പ് ഉണ്ട് .എന്നാൽ 40(b) പ്രകാരം ആയതിനുള്ള അക്കൗണ്ടിൽ (എസ്.ബി.ഐ: 38071360334,കെ.ജി.ബി: 40206101117422) 911`0324/- രൂപയുടെ നീക്കിയിരിപ്പാണ് ഉള്ളത്.

## 1-1-14 എ.സി.ആർ ക്രമപ്രകാരം സൂക്ഷിക്കുന്നില്ല

B-4 പ്രകാരം ഇന്റഗ്രേറ്റഡ് ചൈൽഡ് ഡെവലപ്പമെന്റ് സ്കീം,ഗ്രാന്റ് ഫ്രം ശുചിത്വ മിഷൻ തുടങ്ങിയ ഇനങ്ങളിൽ നീക്കിയിരിപ്പ് ഉണ്ടെങ്കിലും ആയതിനൊന്നും പ്രത്യേകം എ.സി.ആർ സൂക്ഷിക്കാത്തതിനാൽ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-1-15 ലേലം ഇനത്തിലെ വരവിൽ കുറവ്

RP-5 പ്രകാരം റസീപ്റ്റ് ഫ്രം സെയിൽസ് ഓഫ് ടിമ്പർ ഇനത്തിലുള്ള വരവ് 1800/- രൂപയാണ്. എന്നാൽ ആയത് ലേലം രജിസ്റ്റർ പ്രകാരം 2800/- രൂപയാണ്.

### 1-1-16 ഫെറി ചാർജ് കളക്ഷനിൽ കുറവ്

.RP-4 പ്രകാരം ഫെറി ചാർജ് കളക്റ്റഡ് ഇനത്തിലെ വരവ് 11600/-രൂപയാണ്. എന്നാൽ ലഡ്ജർ (140500109) പ്രകാരം ആയത് 16100/-രൂപയാണ്.

### 1-1-17 മാർക്കറ്റ് റസീപ്റ്റ് ഇനത്തിലെ വരവ്-അപാകത

RP-4 പ്രകാരം മാർക്കറ്റ് റസീപ്റ്റ് ഇനത്തിലെ വരവ് 26000/-രൂപയാണ്.എന്നാൽ ആയത് രജിസ്റ്റർ പ്രകാരം 91999/- രൂപയാണ്.

### 1-1-18 ബസ്സ്റ്റാന്റ് ഫീസ്-അപാകത

ബസ്സ്റ്റാന്റ് ഫീസ് ഇനത്തിൽ രജിസ്റ്റർ പ്രകാരം തൻ വർഷം 22000/-(1220200038/06.05.2022-തുക 16000/-,1220303912/13.03.2023 തുക6000/-) രൂപയുടെ വരവുണ്ടെങ്കിലും ആയത് എ.എഫ്.എസിൽ വരവ് വെച്ചിട്ടില്ല.

### 1-1-19 ലോൺ ഇനത്തിലെ അപാകത

B-5 പ്രകാരം സെക്യൂർഡ് ലോൺ ഇനത്തിൽ 55075641/- രൂപയുടെ നീക്കിയിരിപ്പ് ഉണ്ടെങ്കിലും ലോൺ രജിസ്റ്റർ കാലികമാക്കാത്തത് കൊണ്ട് ആയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

### 1-1-20 അക്കൗണ്ട് നീക്കിയിരിപ്പിൽ അപാകത

കേരളഗ്രാമീൺ ബാങ്ക് (A/C40206101071102) അക്കൗണ്ടിലെ നീക്കിയിരിപ്പ് 40(b) പ്രകാരം 9135/- രൂപയാണ്.എന്നാൽ ആയത് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ' പൂജ്യം' ആണ്.

### 1-1-21 ബാങ്ക് അക്കൗണ്ട് വിവരം പരിശോധനക്ക് ഹാജരാക്കിയിട്ടില്ല

40(b) പ്രകാരം നാഷനലൈസ്ഡ് ബാങ്ക് അക്കൗണ്ട് ഓഫ് ഔൺ റെവന്യൂ ഫണ്ട് ഇനത്തിൽ 34608/- രൂപ നീക്കിയിരിപ്പ് ഉണ്ട് .ആയതിന്റെ രേഖകളൊന്നും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

### 1-1-22 വസ്തുനികുതി ഡി.സി.ബി എ.എഫ്.എസുമായി പൊരുത്തപ്പെടുന്നില്ല

B-15 പ്രകാരം വസ്തുനികുതി നോൺ റെസിഡെൻഷ്യൽ വിഭാഗത്തിൽ അവശേഷിക്കുന്ന തുക 6692/- രൂപയാണ്.എന്നാൽ ആയത് വസ്തുനികുതി ഡി.സി.ബി പ്രകാരം 8684/-രൂപയാണ്.

മുൻ വർഷ എ.എഫ്.എസ് പ്രകാരം വസ്തുനികുതി ഇനത്തിൽ അവശേഷിപ്പ് ഒന്നും രേഖപ്പെടുത്തിയിട്ടില്ല .എന്നാൽ തൻ വർഷ ഡി.സി.ബി പ്രകാരം ആയത് റെസിഡെൻഷ്യൽ വിഭാഗത്തിൽ 6035/- എന്നും നോൺറെസിഡെൻഷ്യൽ വിഭാഗത്തിൽ 17049/- എന്നും രേഖപ്പെടുത്തിയിട്ടുണ്ട്.

### 1-1-23 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുകയോ ആയതിന്റെ മൂല്യ നിർണ്ണയം നടത്തിയതിന്റേയോ ഡിപ്രീസിയേഷൻ നിശ്ചയിതച്ചതിന്റേയോ രേഖകൾ സൂക്ഷിക്കാത്തതിനാൽ വാർഷിക കണക്കുമായി ഒത്ത് നോക്കാൻ സാധിച്ചിട്ടില്ല.

## 1-2 ബജറ്റ്

| 2022-23ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ/തിയ്യതി | പുതുക്കിയ തീരുമാന നമ്പർ/തിയ്യതി |
|---|---|
| 1/PP/10/01/20/22 Dated 23.03.22 | 1/PP/05/01/59/23 Dated 27.02.2023 |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 28798617 |
| വരവ് | 229348159 |
| ആകെ | 258146776 |
| ചെലവ് | 219226195 |
| നീക്കിയിരിപ്പ് | 38920581 |

## 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി (₹) | തൻവർഷ വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ്/ ലാപ്സായ തുക (₹) |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 39811124 | 39811124 | 34132142 | 5678982 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 7131408 | 7131408 | 7131361 | 47 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 6023000 | 6023000 | 1178521 | 4844479 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 7085000 | 7085000 | 4204189 | 2880811 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 13494237 | 13494237 | 6616770 | 6877467 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 0 | 6408000 | 6408000 | 3436510 | 2971490 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 261 | 277276602 | 157 | 121118011 | . | 104 | 60.15% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ.

ഇല്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3190 | 945849 | 949039 | 413524 | 535515 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് (കാപ്പിറ്റൽ വർക്കിനുള്ള ചെലവുൾപ്പെടെ) | 0 | 31337566 | 31337566 | 31337566 | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 3621800 | 315 |
| വിധവാപെൻഷൻ | 12564000 | 1226 |
| വാർദ്ധക്യകാലപെൻഷൻ | 25114800 | 2398 |
| വികലാംഗപെൻഷൻ | 4137400 | 379 |
| വിവാഹ ധനസഹായം | 510000 | 18 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 492200 | 48 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന06.11.2023 ന് 10.26 AM മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6630/- രൂപയുടെ ക്യാഷ് ബാലൻസ് കണ്ട് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1 സെക്രട്ടറി, അസി.സെക്രട്ടറി എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ പ്രൊജക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
2 വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രൊജക്ടുകൾ മോണിറ്റർ ചെയ്യുന്നില്ല.
3 ഐ ടി ഉപകരണങ്ങൾക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.10.2022 | 08/2022 മുതൽ 09/2022 വരെ | 20.10.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15-11-2003 | 97-98 മുതൽ 2002-2003 വരെ | 25-02-2004 |

## 1-11 തനത് വരുമാനം-അവലോകനം

ആറാം ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരവും മേലാപ്പീസിലെ 11.07.2023 ലെ ഡി.കെ.എസ്.എ.3683/എസ്.എസ്.3/2019പ്രകാരം ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകിക്കൊണ്ട് പുറത്തൂർ ഗ്രാമപഞ്ചായത്തിൽ നടത്തിയ പരിശോധന പ്രകാരം ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

### ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രവർത്തനം

ആറാം ധനകാര്യകമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിക്കായി സ.ഉ(കൈ)നം.117/2022/ എൽ എസ് ജി ഡി , തിയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നമ്പർ 2ആയി എല്ലാ പ്രാദേശിക സർക്കാർ നികുതി വരുമാനത്തിന്റേയും ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി മൂന്നു മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ചചെയ്ത് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം നടപടികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയോ , ഭരണ സമിതിയോ സ്വീകരിച്ചതായി കാണുന്നില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി എല്ലാ മാസവും മീറ്റിംഗ് കൂടിയിട്ടുണ്ടെങ്കിലും പുതിയ തനത് വരുമാനങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ അവതരിപ്പിക്കുന്നതായോ, ലഭ്യമായ തനത് വരുമാനം പിരിച്ചെടുക്കുന്നതിന്റെ പുരോഗതി വിലയിരുത്തിയതായോ മീറ്റിംഗ് മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. വേക്കൻസി റമിഷൻ , വരവ്-ചെലവ് കണക്കുകളുടെ അംഗീകാരം എന്നിവയാണ് പ്രധാനമായും അജണ്ടയായി ഉൾപ്പെടുത്തിയിട്ടുള്ളത്.

ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിക്കായി കൃത്യമായ ഇടവേളകളിൽ നികുതിവരുമാനത്തിന്റെ പിരിച്ചെടുക്കൽ വിലയിരുത്തി ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേങ്ങൾ നൽകുന്നതിനും പഞ്ചായത്തിന് പിരിഞ്ഞുകിട്ടേണ്ടതായ തുകകൾ പൂർണ്ണമായും പിരിച്ചെടുത്തുവെന്ന് ഉറപ്പ് വരുത്തുന്നതിനും ധനകാര്യസ്റ്റാന്റിംഗ്കമ്മറ്റി ശ്രദ്ധ പുലർത്തേണ്ടതാണ്.

### വസ്തു നികുതി

സ.ഉ (കൈ) നം. 77/2023/എൽ എസ് ജി ഡി , തിയ്യതി 22.03.2023 പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. ഉത്തരവു പ്രകാരമുള്ള വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ 02.05.2023 തീയതിയിലെ LSGD/PD/20073/2023-REV2 നമ്പർ പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കെട്ടിടങ്ങൾക്ക് അവയുടെ ഉപയോഗ ക്രമത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി നിരക്കുകൾ സ.ഉ (അച്ചടി) നം. 25/2023/എൽ എസ് ജി ഡി , തിയ്യതി 05.04.2023 പ്രകാരം ഉത്തരവായിട്ടുള്ളതാണ്. മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പുറത്തൂർ ഗ്രാമ പഞ്ചായത്ത് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ചു വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

2. നിലവിലുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിക്കുന്ന അന്തിമ തീരുമാനം എടുക്കുന്നതിനു മുന്നോടിയായി അതിന്റെ ഉദ്ദേശത്തെ സംബന്ധിച്ചും നികുതി നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയും നിരക്കുകളും കാണിച്ചു കൊണ്ടും ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചു കൊണ്ടുമുള്ള നോട്ടീസ് (പ്രാഥമിക നോട്ടീസ്)29.04.2023 ലെ 4 ാം നമ്പർ ഭരണ സമിതി തീരുമാന പ്രകാരം അംഗീകരിക്കുകയും എസ്1-4585തിയ്യതി 14.05.2023 പ്രകാരം ഇതു സംബന്ധിച്ച അറിയിപ്പ് 24.05.2023 തിയ്യതിയിൽ പത്രത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. സ്വകാര്യ ഹോസ്റ്റൽ/ ഹോം സ്റ്റേ, വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ ഓഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ് , എം.എസ്.എം.ഇ വ്യവസായ യൂണിറ്റുകൾ, ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ/ റിസോർട്ടുകൾ, റസിഡൻഷ്യൽ ഹോംസ്റ്റേ തുടങ്ങിയ സ്ഥാപനങ്ങൾക്ക് നിരക്ക് നിശ്ചയിച്ച് കരട് വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

3. ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ വിവിധ മേഖലകളാക്കി തിരിക്കൽ, റോഡുകളുടെ വർഗ്ഗീകരണം എന്നിവ 22.05.2023 ലെ 9/1 ാം നമ്പർ ഭരണ സമിതി തീരുമാന പ്രകാരം അംഗീകരിക്കുകയും ആയതു സംബന്ധിച്ചുള്ള അറിയിപ്പ് പത്രത്തിൽ പരസ്യം ചെയ്തിട്ടുമുണ്ട്.

4.കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കുന്നതിനായി വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ ടി ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ ടി ഐ സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയമിക്കാവുന്നതാണ്. അതിനായി ഇന്റർവ്യൂ നടത്തുകയും ആയിൽ പങ്കെടുത്ത 4 പേരെ നിയമിച്ചു കൊണ്ട് 15.06.2023 ലെ 4 നമ്പർ തീരുമാനം എടുത്തിട്ടുണ്ട്.

5. പുതുക്കിയ വസ്തുനികുതി നിരക്കിന്റെ അന്തിമ വിജ്ഞാപനം 15.07.2023 ലെ 2-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും ആയതു സംബന്ധിച്ചുള്ള അറിയിപ്പ് പത്രത്തിൽ പരസ്യം ചെയ്തിട്ടുമുണ്ട്.

പ്രദേശത്തിന്റെ വികസന സ്ഥിതി, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ഒന്നാം പട്ടികയിൽ പറയുന്ന മാനദണ്ഡങ്ങൾക്കനുസരിച്ചാണ് മേഖലകൾ തരം തിരിക്കേണ്ടത്. എന്നാൽ ഇപ്രകാരമാണോ മേഖലകൾ തിരിച്ചിട്ടുള്ളത് എന്നത് വ്യക്തമല്ല. പി.ഡബ്ല്യു.ഡി റോഡിൽ നിന്നും നേരിട്ട് പ്രവേശന മാർഗ്ഗമുള്ള ഗ്രാമപഞ്ചായത്തിലെ ചില പ്രത്യേക ഭാഗങ്ങൾ മാത്രമാണ് പ്രാഥമിക മേഖലയിൽ ഉൾപ്പെടുത്തി വിജ്ഞാപനം ചെയ്തിട്ടുള്ളത്. അവശേഷിക്കുന്ന പ്രദേശങ്ങൾ മുഴുവൻ ദ്വിതീയ മേഖലയിലും ഉൾപ്പെടുത്തി. ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണെങ്കിലും അപ്രകാരം സൂക്ഷിച്ചിട്ടില്ല.നികുതി നിർണ്ണയത്തിനു ശേഷമുള്ള കൂട്ടിച്ചേർക്കലുകൾ / ഉപയോഗ ക്രമത്തിലുള്ള മാറ്റങ്ങൾ , നികുതിയിളവ് നേടിയ ശേഷം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ അനുമതിയില്ലാതെ കെട്ടിട വിസ്തീർണ്ണം വർദ്ധിപ്പിക്കൽ എന്നിവ സംബന്ധിച്ച് കെട്ടിട ഉടമകൾ നൽകിയ 959 9Bഅപേക്ഷകൾ പഞ്ചായത്തിൽ ലഭ്യമായിട്ടുണ്ടെങ്കിലും ആയതിൽ നാളിതു വരെ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

വസ്തു നികുതിയുടെ അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ച് പുതുക്കിയ വസ്തു നികുതി ഈടാക്കുന്നതിനും , ഫീൽഡ് സ്റ്റാഫിനെ നിയമിച്ച് കെട്ടിട ഉടമകൾ നൽകിയ 9B അപേക്ഷകളിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനും പഞ്ചായത്തിലെ മറ്റു കെട്ടിടങ്ങൾ പരിശോധിച്ച് കൂട്ടിച്ചേർക്കലുകളോ , ഉപയോഗ ക്രമത്തിലെ വ്യത്യാസമോ, അനധികൃത നിർമ്മാണങ്ങളോ ഉണ്ടെങ്കിൽ ആയവ കണ്ടെത്തി തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്ത് പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**സേവന ഉപനികുതി**

2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26,27 എന്നിവയും , ഒരു ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമങ്ങളിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിനു സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം , ജലവിതരണം, തെരുവു വിളക്കുകൾ ഡ്രൈനേജ് തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ താഴെ പറയുന്ന പ്രകാരം ഗ്രാമ പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

| സേവനം | ചുമത്താവുന്ന കുറഞ്ഞ സേവന നികുതി |
|---|---|
| ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക |
| ജലവിതരണം | വസ്തു നികുതിയുടെ 3% ൽ കുറയാത്ത |

| | |
|---|---|
| | തുക |
| തെരുവു വിളക്കുകൾ | വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക |
| ഡ്രൈനേജ് | വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക |

പുറത്തൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ നാളിതു വരെ സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടില്ല. തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിശോധിക്കാവുന്നതാണ്.

**തൊഴിൽ നികുതി**

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ കൂടുതൽ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1. കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥനാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ വളരെ ചുരുങ്ങിയ സ്ഥാപനങ്ങൾക്കാണ് ഇപ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം ചെയ്തിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള പ്രൈവറ്റ് സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. വലിയ സ്ഥാപനങ്ങൾക്കുപോലും ഡിമാന്റ് നോട്ടീസ് നൽകുന്നുമില്ല. ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് തൊഴിൽ നികുതിയിനത്തിൽ പഞ്ചായത്തിന് കിട്ടാനുള്ള തുകകൾ പൂർണ്ണമായും ഡിമാന്റ്ചെയ്ത് പിരിച്ചെടുത്ത് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.
2. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ്) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008 തസ്വഭവ/തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം റേഷൻ കടകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഈടാക്കാവുന്നതാണെങ്കിലും ഗ്രാമപഞ്ചായത്ത് ഈടാക്കുന്നില്ല.

3.സ്വകാര്യ ആശുപത്രികളുടേയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്റ്റർ പ്രകാരം പത്ത് സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും ആയതിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല

**ലൈസൻസ് ഫീസ്**

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിലെ ചട്ടം 10 ലെ പട്ടിക-II പ്രകാരം വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II -ാം പട്ടികയിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്.

ലൈസൻസ് ഫീ നിരക്കുകൾ 31.03.2018 തീയ്യതിയിലെ PP/10/16/140/18 നമ്പർ തീരുമാനമായി പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടുള്ളതാണ്. ഇത് പ്രകാരം വാർഷിക ലൈസൻസ് ഫീയുടെ കുറഞ്ഞ നിരക്കായി നിശ്ചയിച്ചിട്ടുള്ളത് 200 രൂപയാണ് (2 ലക്ഷം രൂപ വരെ മൂലധന നിക്ഷേപം ഉള്ള സ്ഥാപനങ്ങൾക്ക്). 2021-22 വർഷത്തേക്ക് ലൈസൻസ് നൽകുന്നതിനായി പല സ്ഥാപനങ്ങളിൽ നിന്നും ഇതിൽ കുറവായ 100 രൂപ വീതമാണ് ലൈസൻസ് ഫീ ആയി ഈടാക്കിയിട്ടുള്ളത്.

## 1-12 നിക്ഷേപ പ്രവൃത്തികൾ- അവലോകനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡെപ്പോസിറ്റ് ചെയ്യുകയാണ് ചെയ്തുവരുന്നത്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡിപ്പോസിറ്റ് തുക പൂർണമായും, പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/മൂല്യനിർണ്ണയം പ്രകാരമുള്ള തുക കഴിച്ചുള്ള തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വീഴ്ച്ച വരുത്തുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. 12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2022-23വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ ഡിപ്പോസിറ്റ് ചെയ്ത

തുകകളിൽ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികളിൽ ഡിപ്പോസിറ്റ് തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നതായി കാണുന്നു.

| വർഷം | നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം./ ബിൽ/ചെക്ക് നം. | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|---|
| 2019-2020 | കെ.എസ്.ഇ.ബി | 35/20-വിവധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 21900544/20.09.2019 | 16863 | 0 | ലഭ്യമല്ല | 16863 |
| | | | 21900956/21.01.2020 | 9442 | 0 | ലഭ്യമല്ല | 9442 |
| | | | 21901165/28.02.2020 | 24974 | 0 | ലഭ്യമല്ല | 24974 |
| | | 14-ാം വാർഡിലെ കരീലപ്പാടം മുക്കാലിപറമ്പ് റോഡിലെ 3 ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 21900160/17.05.2020 | 20713 | 0 | ലഭ്യമല്ല | 20713 |
| 2020-2021 | KSEB | വിവിധ വാർഡുകളിലെ ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | വൗച്ചർ നം. 22000644/ 23-09-2020 : 27,803<br>22000837/വൗച്ചർ നം.<br>12-11-2020 : 66,363<br>വൗച്ചർ നം. 22001212/ 30-01-2021 : 64,012<br>30-01-2021 : വൗച്ചർ നം.22001215/<br>25,694<br>വൗച്ചർനം.22001392/ 16-03-2021 : 15,558 | 199430 | 0 | ലഭ്യമല്ല | 199430 |
| 2021-22 | KSEB | പ്രോ.നം- 38/21-22 ഇലക്ട്രിക്ക് പോസ്റ്റ് ഷിഫ്റ്റിംഗ് തനത് ഫണ്ട് | 22100646/ 29.09.2021 | 57010 | 0 | ലഭ്യമല്ല | 72807 |
| | | | 22100481/ 12.08.2021 | 15797 | 0 | | |

മേൽ വർഷങ്ങളിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക ചെലവഴിച്ചിട്ടില്ല എന്നാണ് ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയത്. പ്ലാൻ സുലേഖ യിൽ ഡെപ്പോസിറ്റ് സംബന്ധിച്ച രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. ഓഡിറ്റ് റിപ്പോർട്ട് പ്രകാരമുള്ള വിവരങ്ങളാണ് ഖണ്ഡികയിൽ ചേർത്തിട്ടുള്ളത്.മേൽ പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 1/06.11.23 )

## 1-13 വസ്തു നികുതി ഈടാക്കിയതിലെ അപാകതകൾ

പുറത്തൂർ ഗ്രാമ പഞ്ചയത്തിന്റെ വസ്തു നികുതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചപ്പോൾ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1.100 ചതുരശ്രമീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള വാണിജ്യ ഉപയോഗത്തിന് കംപ്ലീഷൻ സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ള പല കെട്ടിടങ്ങളും സഞ്ചയയിൽ കടമുറികൾ വിഭജിച്ച് 100 ചതുരശ്ര മീറ്റർ വരെയുള്ള എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തിയത് കാരണം പഞ്ചായത്തിന് തനത് വരുമാനത്തിൽ നഷ്ടം സംഭവിച്ചതായി കണ്ടു.വിശദ വിവരം ചുവടെ കൊടുക്കുന്നു.

A.ഫയൽ നമ്പർ:GPO/2022/576

കെട്ടിട ഉടമസ്ഥൻ: മുഹമ്മദ് ബഷീർ കളത്തി പറമ്പിൽ

സഞ്ചയ പ്രകാരം കെട്ടിടത്തിന് നമ്പർ നൽകിയതിന്റേയും വസ്തു നികുതി ഈടാക്കിയതിന്റേയും വിവരം

| കടമുറിക്ക് അനുവദിച്ച നമ്പർ | കടമുറിയുടെ വിസ്തീർണ്ണം ചതുരശ്ര മീറ്ററിൽ | ചതുരശ്ര മീറ്ററിന് ഈടാക്കിയ നിരക്ക് | സഞ്ചയ പ്രകാരം ചതുരശ്ര മീറ്ററിന് ഈടാക്കേണ്ടിയിരുന്ന നിരക്ക് |
|---|---|---|---|
| 4/123-A | 37.3 | 30 | 50 |
| 4/123-B | 19.98 | 30 | 50 |
| 4/123-C | 48.62 | 30 | 50 |
| 4/123-D | 12.79 | 30 | 50 |
| 4/123-E | 12.79 | 30 | 50 |
| 4/123-F | 12.79 | 30 | 50 |
| 4/123-G | 37.3 | 30 | 50 |
| 4/123-H | 19.98 | 30 | 50 |
| 4/123-I | 48.62 | 30 | 50 |
| 4/123-J | 12.79 | 30 | 50 |
| 4/123-K | 12.79 | 30 | 50 |
| 4/123-L | 12.79 | 30 | 50 |
| 4/123-M | 19.08 | 30 | 50 |
| 4/123-N | 19.08 | 30 | 50 |
| 4/123-P | 19.08 | 30 | 50 |
| ആകെ | 345.78 | | |

B.ഫയൽ നമ്പർ:13/7020

കെട്ടിട ഉടമസ്ഥൻ:അബു ചക്കണപറമ്പിൽ

സഞ്ചയ പ്രകാരം കെട്ടിടത്തിന് നമ്പർ നൽകിയതിന്റേയും വസ്തു നികുതി ഈടാക്കിയതിന്റേയും വിവരം

| കടമുറിക്ക് അനുവദിച്ച നമ്പർ | കടമുറിയുടെ വിസ്തീർണ്ണം ചതുരശ്ര മീറ്ററിൽ | ചതുരശ്ര മീറ്ററിന് ഈടാക്കിയ നിരക്ക് | സഞ്ചയ പ്രകാരം ചതുരശ്ര മീറ്ററിന് ഈടാക്കേണ്ടിയിരുന്ന നിരക്ക് |
|---|---|---|---|
| 13/101-C | 28 | 30 | 50 |
| 13/101-D | 21.34 | 30 | 50 |
| 13/101-E | 61.98 | 30 | 50 |
| ആകെ | 111.32 | | |

2. A3/5201/2016 ഫയൽ നമ്പർ പ്രകാരം സൗമ്യ വാസുദേവൻ എന്ന വ്യക്തിക്ക് വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് 335/A എന്ന നമ്പർ അനുവദിച്ചിട്ടുണ്ട്. ഫയൽ പ്രകാരം കെട്ടിടത്തിലേക്കുള്ള റോഡ് 5 മീറ്ററോ അതിൽ കൂടുതലോ എന്ന വിഭാഗത്തിൽ ആണ് ഉൾപ്പെടുത്തേണ്ടതെങ്കിലും സഞ്ചയ പ്രകാരം ആയത് 1.5 മീറ്ററിൽ കൂടുതൽ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി ആയതിനുള്ള ഇളവ് അനുവദിച്ചതായി കാണുന്നു.

അപാകതകൾക്കുള്ള കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറി നം.32/ 28.10.2023 ന് മറുപടി

ലഭ്യമാക്കിയിട്ടില്ല.സഞ്ചയയിൽ ആവശ്യമായ മാറ്റം വരുത്തി വരവിനത്തിലുണ്ടായ നഷ്ടം കെട്ടിട ഉടമയിൽ നിന്ന് തിരിച്ച് പിടിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 ലൈസൻസ് പിരിവിലെ അപാകത

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം സ്ഥാപനങ്ങളെ അവയുടെ പ്രവർത്തന മൂലധനത്തിന്റെ അടിസ്ഥാനത്തിൽ വിവിധ കാറ്റഗറികളായി തിരിച്ച് ലൈസൻസ് ഫീ ഇനത്തിൽ ഈടാക്കാവുന്ന പരമാവധി തുക മേൽ ചട്ടങ്ങളിലെ പട്ടിക IIൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പുറത്തൂർ ഗ്രാമപഞ്ചായത്ത് ഈടാക്കുന്ന ലൈസൻസ് ഫീ നിരക്കുകൾ 31.03.2018 തീയ്യതിയിലെ PP/10/16/140/18 നമ്പർ തീരുമാനമായി പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടുള്ളതാണ്. ഇത് പ്രകാരം വാർഷിക ലൈസൻസ് ഫീയുടെ കുറഞ്ഞ നിരക്കായി നിശ്ചയിച്ചിട്ടുള്ളത് 200 രൂപയാണ് (2 ലക്ഷം രൂപ വരെ മൂലധന നിക്ഷേപം ഉള്ള സ്ഥാപനങ്ങൾക്ക്). 2021-22 വർഷത്തേക്ക് ലൈസൻസ് നൽകുന്നതിനായി പല സ്ഥാപനങ്ങളിൽ നിന്നും ഇതിൽ കുറവായ 100 രൂപ വീതമാണ് ലൈസൻസ് ഫീ ആയി ഈടാക്കിയിട്ടുള്ളത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| രജിസ്റ്റർ പ്രകാരമുള്ള ക്രമ നം | ലൈസൻസി | സ്ഥാപനം |
|---|---|---|
| 1 | നൗഷാദ് | നോവ മെഡിക്കൽസ് |
| 3 | ചന്ദ്രൻ | ഡിജിറ്റൽ സേവ |
| 4 | ശിവശങ്കരൻ | ശ്രീഭദ്ര സ്റ്റേഷനറി |
| 5 | അബ്ദു മനാഫ് | ഇൻഡക്സ് ബുക്ക്സ്റ്റാൾ |
| 7 | ഭരതൻ | നിള സ്റ്റുഡിയോ |
| 8 | മുഹമ്മദ് | നാഷനൽ സലൂൺ |
| 12 | അബ്ദു റഹ്മാൻ | അൽ തമാം ഹോട്ടൽ |
| 16 | ഉമ്മാത്തക്കുട്ടി | മിശാൽ ബേക്കറി |
| 18 | അത്താഉറഹ്മാൻ | ഫ്രണ്ട്സ് ആർ.സി.എം പ്രൊഡക്ട്സ് |
| 19 | അലി | ഗസ്നി സ്റ്റേഷനറി |

ഈ സ്ഥാപനങ്ങളുടെ വാർഷിക ലൈസൻസ് ഫീ 100 രൂപയായി നിശ്ചയിച്ചതിന് അടിസ്ഥാനമാക്കിയ മാനദണ്ഡം അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.16/10.11.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വ്യക്തികളിൽ നിന്നും ക്രമപ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 തൊഴിൽ നികുതി പിരിവിലെ അപാകത

പുറത്തൂർ ഗ്രാമ പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രജിസ്റ്ററും റിട്ടേണുകളും പരിശോധിച്ചപ്പോൾ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1.ചുവടെ കൊടുത്ത സ്ഥാപനങ്ങൾ തൊഴിൽ നികുതി റിട്ടണുകൾ സമർപ്പിച്ചിട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക എത്രയുണ്ടെന്ന് കണക്കാക്കാൻ സാധിച്ചിട്ടില്ല.

| രജിസ്റ്റർ പ്രകാരമുള്ള ക്രമ നമ്പർ | സ്ഥാപനം | തൊഴിൽ നികുതി അടവാക്കാത്ത കാലയളവ് |
|---|---|---|
| 30 | ആയുർവ്വേദ ഡിസ്പെൻസറി,പുറത്തൂർ | രണ്ടാം അർദ്ധവർഷം |
| 32 | ഡി.ടി.ഡി.സി,മലപ്പുറം | രണ്ടാം അർദ്ധവർഷം |

മുകളിൽ പരാമർശിച്ച 2022-23 വർഷത്തിലെ സ്ഥാപനത്തിലെ മുഴുവൻ ജീവനക്കാരുടെയും പേര്, അർദ്ധ വാർഷിക വരുമാനം (റിട്ടേൺ) ഹാജരാക്കേണ്ടതാണ്. ആയത് പരിശോധിച്ച് ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപന തൊഴിൽനികുതിയും ഈടാക്കേണ്ടതുണ്ടെങ്കിൽ ആയത് ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

2.ഗ്രാമ പഞ്ചായത്ത് പരിധിയിൽ താമസിക്കുന്ന കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാരം തൊഴിൽ നികുതി അടക്കാൻ ബാദ്ധ്യസ്ഥരായ അഭിഭാഷകർ,സ്വകാര്യ ഡോക്ടർമാർ,മറ്റ് പ്രൊഫഷനലുകൾ,വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാർ,ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ,സൂപ്പർവൈസർമാർ,വാഹന ഉടമകൾ ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ, സ്വകാര്യ സ്കൂളുകൾ കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

3.ലൈസൻസ് രജിസ്റ്റർ പ്രകാരം പഞ്ചായത്ത് പരിധിയിൽ ചുവടെ കൊടുത്ത സ്വകാര്യ ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ട് എന്ന് കണ്ടു. ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചപ്പോൾ ആയവയിൽ നിന്നൊന്നും ജീവനക്കാരുടെ തൊഴിൽ നികുതി പിരിച്ചെടുക്കുന്നില്ല

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപനം |
|---|---|
| 17 | ഏഷ്യൻ ഡെന്റൽ കെയർ |
| 52 | റൈഹാൻ മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക് |
| 137 | ഏഷ്യൻ പോളിക്ലിനിക് |
| 138 | റഫ പോളി ക്ലിനിക് |
| 25 | ഡോക്ടേഴ്സ് സ്പെഷ്യാലിറ്റി ലാബ് |

മുകളിൽ പരാമർശിച്ച സ്ഥാപനങ്ങളിലെ 2022-23 വർഷത്തിലെ മുഴുവൻ ജീവനക്കാരുടെയും പേര്, അർദ്ധ വാർഷിക വരുമാനം (റിട്ടേൺ) ഹാജരാക്കി ആയത് പരിശോധിച്ച് ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതുണ്ടെങ്കിൽ ആയത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

4.മാന്വൽ ഡ്രഡ്ജിംഗ് തൊഴിലാളികളുടെ രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി പിരിച്ചെടുത്ത വിവരം ലഭ്യമല്ല.അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 15/10.11.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 കരാർ കാലയളവിനുള്ളിൽ പ്രൊജക്ട് പൂർത്തീകരിക്കാതിരുന്നിട്ടും പിഴ ചുമത്തിയിട്ടില്ല

കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112.1 പ്രകാരം ഭാഗികമായോ പൂർണ്ണമായോ കരാറുകാരന്റെ വീഴ്ച മൂലം പ്രൊജക്ട് പൂർത്തീകരണത്തിൽ കാലതാമസം വരുന്ന സന്ദർഭങ്ങളിൽ, പൂർത്തീകരണ കാലയളവ് ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന രേഖാമൂലം അപേക്ഷ നൽകണം. അപേക്ഷ സ്വീകാര്യമാണെങ്കിൽ പിഴ ഈടാക്കി പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് നൽകാവുന്നതാണ്. തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18.8.2018 ലെ എ.സി.2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം പൂർത്തീകരണ കാലയളവ് ആദ്യം മൂന്ന് മാസം ദീർഘിപ്പിച്ച് നൽകുന്നതിന് പ്രൊജക്ട് PAC യുടെ 1% പിഴ ഈടാക്കണം. തുടർന്നുള്ള ഓരോ മൂന്ന് മാസം ദീർഘിപ്പിക്കുന്നതിനും PAC യുടെ 2% പിഴ ഈടാക്കണം.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴെ പറഞ്ഞ മരാമത്ത് പ്രൊജക്ട് കരാർ കാലയളവിനുള്ളിൽ പൂർത്തീകരിച്ചിട്ടില്ല. എന്നാൽ, പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് നൽകാൻ കരാറുകാരൻ അപേക്ഷ സമർപ്പിക്കുകയോ, പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് നൽകുകയോ, കരാറുകാരിൽ നിന്നും പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല. അതേസമയം, പ്രൊജക്ടിന്റെ കരാറിൽ പ്രവർത്തന കലണ്ടർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ടതു സംബന്ധിച്ചും, സമയത്തിന് പൂർത്തീകരിക്കാത്ത പക്ഷം ഈടാക്കുന്ന, മേൽ സൂചിപ്പിച്ച പ്രകാരമുള്ള, പിഴ സംബന്ധിച്ചും വ്യവസ്ഥകൾ (കരാറുകളിലെ 6,7 വ്യവസ്ഥകൾ) ഉണ്ട്.

പ്രൊജക്ടിന്റെ വിശദ വിവരവും ഈടാക്കേണ്ട പിഴയും താഴെ പറയുന്നു.

പ്രൊജക്ട് : ആശാരിപ്പടി പള്ളിപ്പടി റോഡ് ഡ്രെയിനേജ് നം.82/23 (102/21)

അടങ്കൽ : 100000 (CFC)

ചെലവ് : 99089രൂപ ബിൽ നമ്പർ. 460/28-3-2023

ടി.എസ്. നം : 51093/2020-21 DsoR 2016

കരാർ നമ്പർ : 24/9.9.20

എംബുക്ക് നം: 209/20-21

കരാറുകാരൻ : നൗഫൽ.പി

ഈ പ്രൊജക്ടിന്റെ പൂർത്തീകരണവുമായി ബന്ധപ്പെട്ട മറ്റ് വിശദാംശങ്ങളും ഈടാക്കേണ്ടിയിരുന്ന പിഴയും താഴെ പറയുന്നു.

| | | |
|---|---|---|
| 1 | പ്രൊജക്ട് പൂർത്തീകരണ സമയം 6 മാസം (വർക്ക് ഓർഡർ പ്രകാരം) | 9.9.20 മുതൽ 8.9.21 വരെ (കോവിഡ് കാലയളവിലെ 6 മാസത്തെ ഇളവ് ഉൾപ്പെടെ) |
| 2 | പ്രവൃത്തി സ്ഥലം കൈമാറിയ തീയ്യതി | 9.9.20 |
| 3 | പ്രവൃത്തി ആരംഭിച്ച തീയ്യതി (ആദ്യത്തെ അളവ്. എം ബുക്ക്. പേജ്.1) | 27.52022 |
| 4 | പ്രവൃത്തി പൂർത്തീകരിച്ച തീയ്യതി (അവസാനത്തെ അളവ് എം. ബുക്ക് പേജ്.4) | 8.7.2022 |
| 5 | കാല താമസം | 9.9.21മുതൽ 8.7.2022വരെ<br>11 മാസം |
| 6 | ഈടാക്കേണ്ടിയിരുന്ന പിഴ<br>(Agreed PAC- 100000) | 5666 രൂപ<br>9.9.2021 മുതൽ 8.12.2021വരെ- 1000<br>9.12.2021 മുതൽ 8.3.2022വരെ-2000<br>9.3.2022 മുതൽ 8.6.2022വരെ- 2000<br>9.6.22 മുതൽ 8.7.22 വരെ 100000x2/100 X30/90=666 |

അപാകതക്ക് കാരണം അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ 22/10.11.23 നമ്പർ അന്വേഷണക്കുറിപ്പിന് മറുപടിയായി തുടർനടപടി സ്വീകരിക്കുന്നതാണെന്ന് അസി.എഞ്ചിനീയർ അറിയിച്ചു. തുടർ നടപടിയുടെ പുരോഗതി അറിയിക്കേണ്ടതാണ്.

## 1-17 വർക്കിംഗ് ഗ്രൂപ്പ് -അപാകതകൾ

സ.ഉ (കൈ) 84/22 തസ്വഭവ തി. 19.4.22പ്രകാരം വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലകൾ വ്യക്തമാക്കിയിട്ടുണ്ട്.

2022-23 വർഷത്തിൽ വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ 5 യോഗങ്ങളാണ് ചേർന്നിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിന്റെ വർക്കിംഗ് ഗ്രൂപ്പ് മിനുട്ട്സ് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

| അപാകതകൾ | വർക്കിംഗ് ഗ്രൂപ്പിന്റെ പേര് | തിയതികൾ |
|---|---|---|
| വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്നുവെങ്കിലും തീരുമാനങ്ങൾ രേഖപ്പെടുത്തിയിട്ടില്ല | പൊതു ഭരണം | 1.2.23<br>9.2.23 |
| | പ്രാദേശിക സാമ്പത്തിക വികസനം | 20.8.22<br>1.2.23 |
| | പൊതു മരാമത്ത് | 1.2.23<br>9.2.23 |
| വർക്കിംഗ് ഗ്രൂപ്പ് മിനുട്ട്സ് ക്ലോസ് ചെയ്തിട്ടില്ല. | മൃഗസംരക്ഷണം, ക്ഷീരവികസനം | 29.12.22<br>1.2.23<br>9.2.23 |
| | കുടിവെള്ളം, ശുചിത്വം | 29.12.22<br>1.2.23<br>9.2.23 |
| വർക്കിംഗ് ഗ്രൂപ്പിൽ നാമമാത്രമായ അംഗങ്ങളാണ് പങ്കെടുത്തിട്ടുള്ളത് | പ്രാദേശിക സാമ്പത്തിക വികസനം | 29.12.22 (4)<br>1.2.23(4)<br>9.2.23(4) |
| | മൃഗസംരക്ഷണം, ക്ഷീരവികസനം | 10.6.22(5)<br>29.12.22(5)<br>1.2.23(6)<br>9.2.23(6) |

വർക്കിംഗ് ഗ്രൂപ്പുകളിൽ മുൻ വർഷങ്ങളിൽ നടപ്പിലാക്കിയ പ്രൊജക്ടുകൾ വിലയിരുത്തുകയും പുതിയതായി നടപ്പിലാക്കേണ്ട പ്രൊജക്ടുകൾ സംബന്ധിച്ച കാര്യമായ ചർച്ചകൾ നടത്താതെ പ്രൊജക്ടിന്റെ പേര് മാത്രം രേഖപ്പെടുത്തുകയാണ് ചെയ്യുന്നത്. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രൊജക്ടുകൾ മോണിറ്റർ ചെയ്യേണ്ടതുണ്ട്. എന്നാൽ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടുകൾ നിർവഹണ ഉദ്യോഗസ്ഥർ ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പുകൾ സംബന്ധിച്ച അപാകതകൾ പരിഹരിക്കുവാൻ സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിന്

ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നമ്പർ 23/13.11.23 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല. വർക്കിംഗ് ഗ്രൂപ്പ് സംബന്ധിച്ച അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-18 അലോപ്പതി മരുന്നുകൾ ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) നിർവഹണം നടത്തിയ പരിരക്ഷ പദ്ധതിയിൽ മരുന്നുകൾ വാങ്ങുന്നതിനായി താഴെപ്പറയും പ്രകാരം തുക കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ, തൈക്കാട് തിരുവനന്തപുരത്തിന് നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ ലഭ്യമായതിന്റെ വിശദാംശങ്ങൾ ഓഡിറ്റിനു ലഭ്യമാക്കിയ ഫയലുകളിൽ ഇല്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നമ്പർ, പേര് | മരുന്നിനായി നല്കിയ തുക | പ്രഫോർമ ഇൻവോയിസ് നം. / തി | BRN നമ്പർ/തിയ്യതി |
|---|---|---|---|---|
| 1 | പരിരക്ഷ (10/22-23) (ആകെ അടങ്കൽ ₹1300000 ആകെ ചെലവ് - ₹1127953) | 199901 | PRF1619/12.10.22 | 22150552034600784077/ 17.11.22 (വികസന ഫണ്ട് -പൊതുവിഭാഗം) |
| 2 | | 299995 | ലഭ്യമല്ല | 22150552034600784878/ 9.11.22 (വികസന ഫണ്ട് -പൊതുവിഭാഗം) |
| | **ആകെ** | **499896** | | |

ലഭ്യമാക്കുവാൻ അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ സ്റ്റോക്ക് എൻട്രി സാക്ഷ്യപ്പെടുത്തിയ ഇൻവോയ്സ് സഹിതമുള്ള സ്റ്റോക്ക് വിതരണ വിവരങ്ങൾ ഹാജരാക്കേണ്ടതാണ്. കൂടാതെ പദ്ധതികളുടെ ഫണ്ടിനം, വരവു ചെലവു വിവരം, ബിൽ/വൗച്ചർ/തിയതി തുടങ്ങിയ വിശദാംശങ്ങൾ രേഖപ്പെടുത്തേണ്ട നിർദിഷ്ട ഫോർമാറ്റിലുള്ള പ്രൊജക്ട് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിൽ ആയതും, വിവിധ പദ്ധതികളിലായി മരുന്നിനായി നല്കുന്ന തുകയുടെയും ലഭ്യമായതും ലഭ്യമാകാൻ ശേഷിക്കുന്നതിന്റെയും പുരോഗതി നിരീക്ഷിക്കാൻ സ്ഥാപനം അവലംബിക്കുന്ന സംവിധാനം സംബന്ധിച്ച വിശദാംശവും ഓഡിറ്റിനു ലഭ്യമാക്കിയ ഫയലുകളിൽ നിന്നും വ്യക്തമല്ലാത്തതിനാൽ ആയതു സംബന്ധിച്ചുള്ള വിവരവും അറിയിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നമ്പർ-27/13.11.2023-നു മറുപടി ലഭ്യമായിട്ടില്ല.

## 1-19 ഡെസ്ക് ടോപ്പും പ്രിന്ററും ലഭ്യമായതിന്റെ വിവരം അറിയിക്കേണ്ടതാണ്

മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) നിർവഹണം നടത്തിയ താഴെ കാണുന്ന പദ്ധതികളിൽ ഡെസ്ക് ടോപ്പ്, പ്രിന്റർ എന്നിവക്കായി താഴെ കാണും പ്രകാരം തുക കെൽട്രോണിനു നൽകിയിട്ടുണ്ട്.

| ക്രമ നം. | പ്രൊജക്ട് നമ്പർ, പേര് | ചെലവ് വിവരം/ഫണ്ടിനം | ഇനം/ എണ്ണം | തുക | പ്രഫോർമ ഇൻവോയിസ് നം. / തി | ചെക്ക് നമ്പർ/തിയ്യതി |
|---|---|---|---|---|---|---|
| 1 | ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (246/23) | അടങ്കൽ:486464 ചെലവ്:464033 തനതു ഫണ്ട് | ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ- ഒരെണ്ണം | 46288 | TVM/ITBG/PI/RC /46976/22-23 /6.3.23 | MA3286185/9.5.23 |
| 2 | കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഹെൽത്ത് വെൽനസ് പ്രവർത്തികൾ (246/23) | അടങ്കൽ:355922 ചെലവ്:55041 തനതു ഫണ്ട് | ലേസർ പ്രിന്റർ-3 എണ്ണം 18347x3 | 55041 | TVM/ITBG/PI/RC /47595/22-23 /18.3.23 | MA 3286186/9.5.23 |
| ആകെ | | | 101329 | | | |

മേൽ ഉപകരണങ്ങൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ സ്റ്റോക്ക് എൻട്രി സാക്ഷ്യപ്പെടുത്തിയ

ഇൻവോയ്സ്/ഡെലിവെറി ചലാൻ, ഇൻസ്റ്റലേഷൻ സാക്ഷ്യപത്രം എന്നിവയും വാരണ്ടി വിശദാംശങ്ങൾ ഉൾപ്പെടെയുള്ള പ്രസക്ത വിവരങ്ങൾ രേഖപ്പെടുത്തിയ സ്റ്റോക്ക്- വിതരണ രജിസ്റ്ററും ലഭ്യമാക്കേണ്ടതാണെന്നറിയിച്ച നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ: 28/13.11.2023 ന മറുപടി ലഭ്യമായിട്ടില്ല. ചെലവു തുക 1,01,329 രൂപ തടസത്തിൽ വെക്കുന്നു.

## 1-20 ഫെസ്റ്റിവൽ അഡ്വാൻസ് ക്രമീകരിച്ചതിന്റെ വിവരം ലഭ്യമാക്കിയില്ല.

വാർഷികകണക്ക് B-18 ഷെഡ്യൂൾ പ്രകാരം ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ 21,000 രൂപ ക്രമീകരിക്കുവാൻ അവശേഷിക്കുന്നുണ്ട്.അഡ്വാൻസ് രജിസ്റ്ററിൽ 2022-23 വർഷത്തിൽ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ഫെസ്റ്റിവൽ അഡ്വാൻസ് ക്രമീകരിക്കുവാൻ അവശേഷിക്കുന്നതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നമ്പർ 14 /9.11.23 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.എന്നാൽ മറുപടി ലഭ്യമാക്കിയില്ല.ഫെസ്റ്റിവൽ അഡ്വാൻസ് ക്രമീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-21 ലൈബ്രറി സെസ്സ് അടവാക്കൽ - അപാകതകൾ

2021-22 വർഷത്തിൽ പിരിച്ചെടുത്ത ലൈബ്രറി സെസ് തുക 1,61,611 രൂപ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അടവാക്കിയിട്ടുണ്ട്. (തനത് ഫണ്ട് വൗച്ചർ നമ്പർ 22200215/ 13.6.2022) കേരള പബ്ലിക്ക് ലൈബ്രറീസ്(ഗ്രന്ഥശാലാസംഘം ) ആക്ട് , 1989 ലെ വകുപ്പ് 48(1) പ്രകാരം നിശ്ചിത തുക വസ്തു നികുതിയിൽ നിന്നും ഈടാക്കി സംസ്ഥാന ലൈബ്രറി കൗൺസിലിൽ അടവാക്കേണ്ടതാണ്. സർക്കുലർ നമ്പർ 17263/എൽ 3/99 തസ്വഭവ തി.29.12.2000 പ്രകാരം ഓരോ അർദ്ധവർഷവും കഴിഞ്ഞ് 30 ദിവസത്തിനകം തുക അടവാക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. 2021-22 വർഷത്തിൽ ലൈബ്രറി സെസ്സിനത്തിൽ പിരിച്ചെടുത്ത തുക സമയബന്ധിതമായി അടവാക്കിയില്ല. തുക അടവാക്കിയതിന്റെ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ നിന്നുള്ള കൈപ്പറ്റ് രശീതി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നമ്പർ 9/9.11.23 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-22 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. ചെലവ് തുക തടസ്സം ചെയ്യുന്നു.

2022-23 വർഷത്തിൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി താഴെ പറയും പ്രകാരം വിവിധ സ്ഥാപനങ്ങളിൽ തുക നിക്ഷേപിച്ചിട്ടുണ്ട്.

| ക്രമനമ്പർ | പ്രൊജെക്ട് നമ്പർ/ പേര് | അനുവദിച്ച തുക | ബിൽ/ വൗച്ചർ നമ്പർ | റിമാർക്സ് |
|---|---|---|---|---|
| 1 | 243/ മലപ്പുറം ഡി പി ആർ സി കെട്ടിടനിർമ്മാണം- വിഹിതം നൽകൽ<br>വികസന ഫണ്ട് | 265000 | 2215055200590115124 4/ 7.2.23 | ഡിഡിപിയിൽ അടവാക്കിയത് |
| 2 | 148/ ഐകെഎം വിഹിതം അടവാക്കൽ<br>വികസന ഫണ്ട് | 145533 | 22150552005900479265/ 29.8.22 | ഇൻഫോർമേഷൻ കേരള മിഷനിൽ അടവാക്കിയത് |
| 3 | 225 /കേരള സാമൂഹ്യ സുരക്ഷാ മിഷൻ പ്രവർത്തനങ്ങൾക്ക് സംഭാവന<br>വികസന ഫണ്ട് | 50000 | 22150552005900549793 /16.9.22 | സാമൂഹ്യ സുരക്ഷാ മിഷനിൽ അടവാക്കിയത്. |
| 4 | 262/ഡയാലിസിസ് രോഗികൾക്ക് ധനസഹായം- സ്ഥാപനങ്ങൾക്ക് തുക നൽകൽ<br>തനത് ഫണ്ട്. | 185000 | 22201558/29.3.23 | വിവിധ ആരോഗ്യ സ്ഥാപനങ്ങളിൽ അടവാക്കിയത്. |

| | | | | |
|---|---|---|---|---|
| | ആകെ | 6,45,533 | | |

മേൽ തുക നിക്ഷേപിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് നമ്പർ 10 / 9.11.23 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.എന്നാൽ മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതു വരെ ചെലവ് തുക 6,45,533 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-23 സർക്കാർ മാർഗ്ഗ നിർദേശങ്ങൾ പാലിക്കാതെ വിവാഹ ധനസഹായം നൽകി

ഗ്രാമ പഞ്ചായത്ത് അസി. സെക്രട്ടറി നിർവഹണം നടത്തിയ എസ് സി വിഹാഹ ധനസഹായം (പ്രൊജെക്ട് നമ്പർ 127) പ്രകാരം 18,00,000 രൂപ വിവാഹ ധനസഹായത്തിനായി വികസന ഫണ്ട് എസ് സി പി യിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

സർക്കാർ ഉത്തരവ് (സാധാ) 2438/18 തസ്വഭവ തി.7.3.2018 പ്രകാരം വിവാഹ ധനസഹായത്തിന് അപേക്ഷിക്കുന്നവർ , വിവാഹം നടന്ന് 180 ദിവസത്തിനകം ധനസഹായത്തിന് ഗ്രാമ പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചിരിക്കണമെന്നും പ്രസ്തുത കാലപരിധിക്കകം അപേക്ഷിക്കാത്ത കേസുകൾ പ്രത്യേകം പരിശോധിച്ച് അനുമതി നൽകുവാൻ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറി കൂടിയായ ജില്ലാ കലക്ടറെ ചുമതലപ്പെടുത്തിയിരുന്നു.എന്നാൽ ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ 180 ദിവസത്തിനു ശേഷം അപേക്ഷ നൽകിയ താഴെ പറയുന്ന ഗുണഭോക്താവിന് ജില്ലാ കലക്ടറുടെ അനുമതി സാക്ഷ്യപത്രം കൂടാതെയാണ് വിവാഹ ധനസഹായം അനുവദിച്ചിട്ടുള്ളത്.

| ഗുണഭോക്താവിന്റെ പേര് ,മേൽവിലാസം | വിവാഹം നടന്ന തിയതി | ധനസഹായത്തിന് അപേക്ഷിച്ച തിയതി | ധനസഹായം | ബിൽ നമ്പർ/ തിയതി |
|---|---|---|---|---|
| ചാത്തപ്പനുണ്ണി മണ്ണുപാടത്ത് വീട് കാവഞ്ചേരി (പിഒ) | 08.07.2020 സർട്ടിഫിക്കറ്റ് നമ്പർ 400915/ CRCMO2/GPO /2022/604 തി. 23.5.22 | 12.7.22 | 75000 | 2215055202930075036O തി.8.11.2022 |

മേൽ ഗുണഭോക്താവിന് സർക്കാർ ഉത്തരവ് പാലിക്കാതെ ധനസഹായം അനുവദിക്കാനുണ്ടായ കാരണം വ്യക്തമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നമ്പർ 24 /13.11.23 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല.അപാകത ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 അഗതിരഹിത കേരളം അക്കൗണ്ടിൽ വൻ തുക ചെലവഴിക്കാതെ അവശേഷിക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ /പേര് | 218/22-23<br>അഗതിരഹിതകേരളം പദ്ധതി |
| ചെലവ് തുക | 25.00.000 രൂപ വികസനഫണ്ട്<br>1,00,000 രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതം |
| ബിൽ നമ്പർ/ തിയതി | 22150552029300923249/17.12.22 --25,00,000 രൂപ<br>22150552029300923244/17.12.22---1,00,000 രൂപ |

അസി. സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ട് പ്രകാരം അഗതി രഹിത കേരളം പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് 26,00,000 രൂപ കുടുംബശ്രീ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്.(40206101085707 കെജിബി പുറത്തൂർ) ഓഡിറ്റ് വർഷം നാല് ഗുണഭോക്താക്കളുടെ ഭവനനിർമ്മാണത്തിന് 8,50,000 രൂപ ചെലവഴിച്ചിട്ടുണ്ട്. 31.3.23 ന് 73,34,546 രൂപ അക്കൗണ്ടിൽ ബാലൻസ് ഉണ്ട്.

അഗതിരഹിതകേരളം പദ്ധതിയിൽ നിലവിൽ 168 ഗുണഭോക്താക്കളാണുള്ളത്.30.11.2022 തിയതി വരെയാണ് ഭക്ഷണവിതരണം നടത്തിയിട്ടുള്ളത്. ഭക്ഷണകിറ്റ് വിതരണം നിലവിൽ നടത്തുന്നില്ല. ഭക്ഷണക്കിറ്റിനായി വകയിരുത്തിയ ചലഞ്ച് ഫണ്ട് മുഴുവനായും വിനിയോഗിച്ചു.ചലഞ്ച് ഫണ്ട് ലഭ്യമാക്കുവാൻ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.അഗതിരഹിതകേരളം മേൽ നീക്കിയിരിപ്പ് തുക ഗുണഭോക്താക്കൾക്ക് പ്രയോജനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നമ്പർ

26/ 13.11.23 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല. അഗതി രഹിത കേരളം പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുകയും ഗുണഭോക്താക്കൾക്ക് മാർഗരേഖയിൽ പറഞ്ഞ എല്ലാ ആനുകൂല്യങ്ങളും ലഭ്യമാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-25 മെറിറ്റോറിയസ് സ്കോളർഷിപ്പ്- അപാകതകൾ

2022-23 വർഷത്തിൽ അസി. സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന പ്രൊജെക്ടുകൾ പ്രകാരം മെറിറ്റോറിയസ് സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്.

ക്രമനമ്പർ 1

| | |
|---|---|
| വർഷം | 2022-23 |
| പ്രൊജക്ട് നമ്പർ/പേര് | 166/22-23 / പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് |
| ആകെ അടങ്കൽ | 4,00,000രൂപ വികസന ഫണ്ട് എസ് സി പി<br>5,00,000 രൂപ ജില്ലാ പഞ്ചായത്ത് വിഹിതം |
| ചെലവ് | 395000രൂപ വികസന ഫണ്ട് എസ് സി പി ബിൽ നമ്പർ 31 /31.3.23<br>145000രൂപ ജില്ലാ പഞ്ചായത്ത് വിഹിതം ബിൽ നമ്പർ 32/22-23 തി. 31.3.23 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസി. സെക്രട്ടറി |

സ.ഉ(കൈ) 115 / 2022 തസ്വഭവ തി. 28.5.22 ഖ 7.2.4 പ്രകാരം സംസ്ഥാന സർക്കാരോ കേന്ദ്ര സർക്കാരോ സർക്കാരുകൾ ചുമതലപ്പെടുത്തുന്ന ഏജൻസികളോ നടത്തുന്നതായ എല്ലാതരം കോഴ്സുകളിലേക്കും പ്രവേശനം ലഭിച്ച് പഠനം നടത്തിവരുന്ന പട്ടികജാതി പട്ടിക വർഗ വിദ്യാർത്ഥികൾക്ക് സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കോഴ്സ് കാലാവധി വരെയുള്ള എല്ലാ അക്കാദമിക്ക് വർഷത്തിലും സ്കോളർഷിപ്പ് നൽകാവുന്നതാണ്.

മേൽ പ്രൊജെക്ടിന്റെ നിർവഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1 താഴെ പറയുന്ന വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്

| വിദ്യാർത്ഥിനിയുടെ പേര്<br>മേൽ വിലാസം | അനുവദിച്ച തുക | അപാകതകൾ |
|---|---|---|
| സ്വപ്ന. സി<br>ചെറിയേരി വീട്<br>പുറത്തൂർ പി ഒ | 20,000 | കോഴ്സ് സർട്ടിഫിക്കറ്റ് പ്രകാരം ടിയാൾ മൂന്നുവർഷ ഡിപ്ലോമ കോഴ്സിനാണ് പഠിക്കുന്നത്. ടിയാൾക്ക് മാർഗരേഖ പ്രകാരം 15,000 രൂപയാണ് അനുവദനീയമായത്. |

2 വിദ്യാർത്ഥികളുടെയും കോഴ്സിന്റെയും വർഷവും വിവരങ്ങളും രേഖപ്പെടുത്തിയ രജിസ്റ്റർ ഹാജരാക്കിയില്ല.

3 പദ്ധതിയുടെ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

വിശദാംശങ്ങൾ ആരാഞ്ഞ് നമ്പർ 7/9.11.23 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.അധികം നൽകിയ 5,000 രൂപ തിരിച്ചടവാക്കി അറിയിക്കേണ്ടതാണ്. മറുപടിയുടെ അഭാവത്തിൽ ചെലവു തുക തടസ്സം ചെയ്യുന്നു.

ക്രമനമ്പർ 2

| | |
|---|---|
| വർഷം | 2022-23 |
| പ്രൊജെക്റ്റ് നമ്പർ/പേര് | 129/22-23 / പട്ടികജാതി വിദ്യാർത്ഥിനികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് |
| ആകെ അടങ്കൽ | 5,00,000രൂപ വികസന ഫണ്ട്എസ് സി പി |
| ചെലവ് | 5,00,000രൂപ വികസന ഫണ്ട് എസ് സി പി<br>ബിൽ നമ്പർ 29/22-23 തി. 22.3.23 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസി. സെക്രട്ടറി |

സ.ഉ(കൈ) 115/2022 തസ്വഭവ തി. 28.5.22 ഖ 7.2.4 പ്രകാരം സംസ്ഥാന സർക്കാരോ കേന്ദ്ര സർക്കാരോ സർക്കാരുകൾ ചുമതലപ്പെടുത്തുന്ന ഏജൻസികളോ നടത്തുന്നതായ എല്ലാതരം കോഴ്സുകളിലേക്കും പ്രവേശനം ലഭിച്ച് പഠനം നടത്തിവരുന്ന പട്ടികജാതി പട്ടിക വർഗ വിദ്യാർത്ഥികൾക്ക് സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കോഴ്സ് കാലാവധി വരെയുള്ള എല്ലാ അക്കാദമിക് വർഷത്തിലും സ്കോളർഷിപ്പ് നൽകാവുന്നതാണ്.

മേൽ പ്രൊജക്ടിന്റെ നിർവഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1 താഴെ പറയുന്ന വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്

| ക്രമനമ്പർ | വിദ്യാർത്ഥിയുടെ പേര്<br>മേൽ വിലാസം | അനുവദിച്ച തുക | അപാകതകൾ |
|---|---|---|---|
| 1 | ആൻസി<br>ഉള്ളുവളപ്പിൽ<br>പുറത്തൂർ | 20,000 | കോ- ഓപ്പറേറ്റിവ് ആർട്സ് ആന്റ് സയൻസ് കോളേജ് തിരൂരിൽ പഠിക്കുന്നു. യൂനിവേഴ്സിറ്റി രജിസ്ട്രേഷൻ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. |

2 ഗുണഭോക്തൃ ലിസ്റ്റ് തൊട്ടടുത്ത ഗ്രാമസഭാ കമ്മിറ്റിയിൽ അവതരിപ്പിച്ചതിന്റെ വിശദാംശങ്ങളും വിദ്യാർത്ഥികളുടെയും കോഴ്സുകളുടെയും വർഷവും വിവരങ്ങളും രേഖപ്പെടുത്തിയ രജിസ്റ്ററും പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

3 പദ്ധതിയുടെ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

ഇതു സംബന്ധിച്ച് നമ്പർ 8/9.11.23 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല.ചെലവ് തുക 20,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-26 ലൈഫ് ഭവന നിർമാണം(എസ് സി):പുരോഗതി വിവരം ലഭ്യമല്ല

| | |
|---|---|
| **പദ്ധതിയുടെ പേര്** | ലൈഫ് ഭവന നിർമാണം(എസ് സി) |
| **പ്രൊജക്റ്റ് നം.** | 115/23 |
| **നിർവഹണം** | വി.ഇ.ഒ |
| **അടങ്കൽ** | 3,28,50,000 |
| **ചെലവ്** | 1,51,16,204 |

| | |
|---|---|
| ഫണ്ട് | 1)2736204-എസ് സി പി<br>2)1960000- സംസ്ഥാനാവിഷ്കൃത ഫണ്ട്<br>3)830000-ബ്ലോക്ക് വിഹിതം<br>4)2390000-ജില്ലാ പഞ്ചായത്ത് വിഹിതം<br>5)7200000-മറ്റുള്ളവ |

വി.ഇ.ഒ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പദ്ധതിയിൽ 4 ഗുണഭോക്താക്കൾക്കായി താഴെ കാണുന്ന ബില്ലുകൾ പ്രകാരം ആദ്യ ഗഡുവായ 40,000 രൂപ വീതം മുൻകൂർ അനുവദിച്ചിട്ടുണ്ട്. എന്നാൽ നാളിതു വരെ ആദ്യ ഘട്ടം പൂർത്തീകരിച്ചതിന്റെയോ മറ്റു പുരോഗതി/ തുടർ നടപടി സംബന്ധിച്ച വിവരമോ ഓഡിറ്റിനു ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ ലഭ്യമല്ല .

| ക്രമ നം. | ഗുണഭോക്താവ് / വാർഡ് | ബിൽ നം./ തി |
|---|---|---|
| 1 | ശ്രീമതി അമ്മിണി പഴംകുളത്തിൽ/9 | 87/28.3.23 |
| 2 | ശ്രീമതി ബിന്ദു ഗോപി പുളിക്കൽ/ 12 | 87/28.3.23 |
| 3 | ശ്രീമതി സൂര്യ കൊട്ടികശാല/ 5 | 65/14.2.23 |
| 4 | ശ്രീമതി ചിത്ര തെക്കൻ/ 10 | 65/14.2.23 |

തുടർ നടപടി/നിലവിലെ അവസ്ഥ വിവരം ലഭ്യമാക്കേണ്ടതാണെന്നറിയിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം. 16/26.10.23 ന അപാകത പരിഹരിക്കുന്നതാണെന്ന മറുപടി നല്കി . ഉചിതമായ തുടർ നടപടികൾ സ്വീകരിച്ച് പുരോഗതി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-27 ശുചിത്വമിഷൻ ഫണ്ട്-വിനിയോഗ രേഖകൾ ഹാജരാക്കിയില്ല.

മഴക്കാല പൂർവ്വ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്കായി ശുചിത്വ മിഷൻ വിഹിതം 10,000 രൂപ വീതം 19 വാർഡുകൾക്ക് ആകെ 1,90,000 രൂപ തനത് ഫണ്ടിൽ നിന്നും മുൻകൂറായി മെഡിക്കൽ ഓഫീസർ സി എച്ച് സിയ്ക്ക് അനുവദിച്ചിട്ടുണ്ട്.(വൗച്ചർ നമ്പർ 22200247/28.06.2022) എന്നാൽ മേൽ തുക ചെലവഴിച്ചതിന്റെ വൗച്ചറുകൾ, കാഷ്ബുക്ക്, ബാങ്ക് പാസ്ബുക്ക് തുടങ്ങിയ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഇതു സംബന്ധിച്ച് നമ്പർ 6/9.11.23 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുക 1,90,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-28 അംഗനവാടി ഹൈടെക് ആക്കൽ പദ്ധതിയിലെ അപാകതകൾ

പ്രൊജക്റ്റ്: 117(അംഗനവാടികൾ ഹൈടെക് ആക്കൽ)

അടങ്കൽ: 1295000/-(മെയിന്റനനസ് ഫണ്ട് നോൺ റോഡ്)

ചെലവ്: - BRN: 22150552034501510398തീയതി28.03.2023 തുക 568562/-

BRN: 22150552034501510431തീയതി28.03.2023 തുക 586254/-

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. പഞ്ചായത്ത് പരിധിയിൽ പെട്ട 12 അംഗനവാടികളിൽ ചുമർ ചിത്രം വരക്കാൻ 03.02.2023 ൽ ചേർന്ന പ്രോക്യൂർമെന്റ് കമ്മിറ്റി 23 നമ്പർ തീരുമാന പ്രകാരം ആർട്കോയെ നിശ്ചയിക്കുകയും (സൂപ്പർവൈസർ ആർട്കോക്ക് എഴുതിയ കത്ത് പ്രകാരം, പ്രോക്യൂർമെന്റ് രജിസ്റ്ററിൽ ആയത് രേഖപ്പെടുത്തിയിട്ടില്ല,) ചതുരശ്ര മീറ്ററിന് 533.36 രൂപ നിരക്കിൽ 1066 ചതുരശ്ര അടിക്ക് 568562/- (ഇൻവോയ്സ് KKD773/25.03.2023)രൂപ അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. ജി.ഒ.(പി) നം.77/2019/ഫിൻ തീയതി04.07.2019 പ്രകാരം പബ്ലിക് വർക്കുകൾ ഗവൺമെന്റ് നിശ്ചയിച്ച നോൺ പി.എം.സി കളിലൂടെ നടപ്പാക്കാമെങ്കിലും ആയതിന്റെ സൂപ്പർവിഷൻ നടത്തേണ്ടതും ചെക്ക് മെഷർമെന്റ് നടത്തേണ്ടതും ആയതിന് ക്ഷമതയുള്ള ഉദ്യോഗസ്ഥൻ ആയിരിക്കണം. ജി.ഒ.(പി) നം.67/2021ഫിൻ തീയതി28.04.2021 പാര 8.2 പ്രകാരം അതാത് പ്രവൃത്തിക്ക് ബാധകമായ ഷെഡ്യൂൾ നിരക്ക്, കോസ്റ്റ് ഇൻഡക്സ് എന്നിവക്കനുസരിച്ച് പ്രൈസ് സോഫ്റ്റ്വെയറിൽ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണ്.എന്നാൽ ഇവിടെ അപ്രകാരം നടപ്പാക്കിയിട്ടില്ല. ആർട്കോക്ക് പണം അനുവദിച്ചപ്പോൾ ആയതിന്റെ നിരക്ക് നിശ്ചയിച്ചതും ചിത്രം വരച്ച ചുമർ വിസ്തീർണ്ണം നിശ്ചയിച്ചതും എങ്ങിനെയെന്ന് വ്യക്തമല്ല.

2.കേരള സ്റ്റോർ പർച്ചേസ് മാന്വൽ ഖ 9.23 പ്രകാരം 5 വർഷത്തിൽ കൂടുതൽ പഴക്കമുള്ള സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് അവർ നിർമ്മിക്കുന്ന സാധനങ്ങൾ വാങ്ങണമെങ്കിൽ ടെണ്ടർ നടപടികൾ പാലിക്കേണ്ടതുണ്ട്. മേൽ വ്യവസ്ഥക്ക് ഇളവ് നൽകിക്കൊണ്ട് ഇത്തരം സ്ഥാപനങ്ങളിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങാവുന്ന സാധനങ്ങളും അവയ്ക്ക് നൽകാവുന്ന വിലയും വ്യക്തമാക്കി കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച

മാത്രമേ ടെണ്ടർ കൂടാതെ സാധനങ്ങൾ വാങ്ങാനാവൂ.

2022-23 സാമ്പത്തിക വർഷ കാലയളവിൽ ആർട്കോ- യിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങാവുന്ന ഫർണ്ണീച്ചറുകൾ അവയുടെ വില എന്നിവ വ്യക്തമാക്കി ജി.ഒ(ആർ.ടി) 1/2021/എസ്.പി.ഡി തിയ്യതി 02-02-2022, ജി.ഒ(ആർ.റ്റി)6/22 /എസ്.പി.ഡി പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവുകളുടെ ഖണ്ഡിക 4 പ്രകാരം "വാങ്ങുന്ന സാധനങ്ങൾ ആർട്കോ നിർമ്മിച്ചതാണ് എന്നും അവ പുറമെ നിന്ന് വാങ്ങിയത് അല്ല " എന്നുമുള്ള ഒരു സാക്ഷ്യപത്രം ആർട്കോ മാനേജിംഗ് ഡയറക്ടറിൽ നിന്ന് പർച്ചേസിംഗ് ഓഫീസർ ലഭ്യമാക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ മേൽ പരാമർശിക്കപ്പെട്ട ഉത്തരവിൽ ഉൾപ്പെടുത്താത്ത സാധനങ്ങൾ വാങ്ങണമെങ്കിൽ സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ അനുസരിച്ച് ടെണ്ടർ / ക്വട്ടേഷൻ നടപടികൾ പാലിക്കണം എന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ പദ്ധതിയിൽ ഈ ഉത്തരവ് പാലിക്കപ്പെടുന്നില്ല.

മേൽ പദ്ധതി പ്രകാരം ആർട്കോയിൽ നിന്നും 586254/- രൂപ ചെലവഴിച്ച് (ഇൻവോയ്സ് KKD774/25.03.2023) താഴെ പറയുന്ന ഫർണ്ണീച്ചറുകൾ വാങ്ങിയിട്ടുണ്ട്.

| ക്രമ നം. | ഇനം | വാങ്ങിയ അളവ്/ ഒന്നിന്റെ വില | വില | ജി.എസ്.ടി ഉൾപ്പെടെയുള്ളവില |
|---|---|---|---|---|
| 1 | 12 Mm E.V.M ബേബി പ്ലേമെറ്റ് മൾട്ടി കളർ സൈസ് 60*60 Cm | 1200 @80 | 96000 | **113280** |
| 2 | നോട്ടീസ് ബോർഡ് വിത്ത് അലുമിനിയം ഫ്രെയിം & വെൽവെറ്റ് ക്ലോത്ത് 100*80 | 11 @4400 | 48400 | 57112 |
| 3 | ലൈബ്രറി ബുക്ക് ഷെൽഫ് ഹൈ ക്വാളിറ്റി ഫൈബർ മെറ്റീരിയൽ 32*15*30 | 22 @3880 | 85360 | 100724 |
| 4 | ഫൈബർ ആംലെസ് ചെയർ ബിഗ് | 250@466.19 | 116547.50 | 137526.05 |
| 5 | എച്ച്.ഡബ്ല്യൂ.എസ്.ഡി ടേബിൾ 90*60*75 | 12@5311 | 63732 | 75203.76 |
| 6 | എച്ച്.ഡബ്ല്യൂ കോൺഫെറൻസ് ഹാൾ ആം ചെയർ 45/100*50*55 | 12@4611 | 55332 | 65291.76 |
| 7 | പി.വി.സി കർട്ടൻ യൂസിംഗ് പി.വി.സി റോളിംഗ് ടൈപ്പ് 150*38,100*38 | 15.87@1982 | 31454.34 | 37116.12 |
| | ആകെ | | 496825 | 586254 |

മേൽ പദ്ധതികളിൽ ക്രമ നമ്പർ 6,7 പ്രകാരം വാങ്ങിയ സാധനങ്ങൾ ഒഴികെയുള്ളവ ടെണ്ടർ കൂടാതെ ആർട്കോ-യിൽ നിന്ന് വാങ്ങുന്നതിന് അനുമതി ഉത്തരവ് ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് പരിശോധനക്ക് ലഭ്യമാക്കേണ്ടതും മേൽ പരാമർശിക്കപ്പെട്ട സാധനങ്ങൾ ആർട്കോ ഉത്പാദിപ്പിക്കുന്നതാണ് എന്ന സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

മേൽ അപാകതകൾക്ക് മറുപടി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.29 /13.11.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സാധൂകരണം ലഭ്യമാക്കുന്നത് വരെ 1052409/- (568562+483847) രൂപ തടസ്സം ചെയ്യുന്നു.

## 1-29 രേഖകളും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കിയില്ല.

പി എംഎവൈ പദ്ധതി പ്രകാരം താഴെ പറയുന്ന പ്രൊജെക്ടുകളിലായി തിരൂർ ബ്ലോക്ക് പഞ്ചായത്തിൽ തുക അടവാക്കിയിട്ടുണ്ട്. (ILGMS മുഖാന്തിരമാണ് വിവരങ്ങൾ ശേഖരിച്ചത് )

നിർവ്വഹണം-സെക്രട്ടറി

| പ്രൊജെക്ട് നമ്പർ/ പേര് / ഫണ്ട് | 51/പിഎംഎവൈ വിഹിതം അടവാക്കൽ ജനറൽ | പ്രൊജെക്ട് നമ്പർ/ പേര് /ഫണ്ട് | 172/പിഎംഎവൈ വിഹിതം അടവാക്കൽ |
|---|---|---|---|

| | | | |
|---|---|---|---|
| | വികസന ഫണ്ട് | | എസ് സി പി<br>വികസന ഫണ്ട്<br>എസ് സി പി |
| ഗുണഭോക്താക്കളുടെ എണ്ണം | 151 | ഗുണഭോക്താക്കളുടെ എണ്ണം | 172 |
| അടവാക്കിയ തുക | 2,80,000 | അടവാക്കിയ തുക | 1,40,000 |
| വൗച്ചർ നമ്പർ / തിയതി | 42201541/G101301<br>21.2.23 | വൗച്ചർ നമ്പർ / തിയതി | 42201542/G101301<br>21.2.23 |

പി എം എ വൈ പദ്ധതി സംബന്ധിച്ച പ്രൊജക്ട്, ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ, തുക ചെലവഴിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയില്ല. തുക നേരിട്ട് അടവാക്കി എന്ന് വാക്കാൽ അറിയിക്കുകയാണ് ചെയ്തത്. ഇതു സംബന്ധിച്ച് നമ്പർ 25/ 13.11.23 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല. പ്രൊജക്ട്, ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ, വിനിയോഗ സാക്ഷ്യപത്രം, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് എന്നിവ ഓഡിറ്റിന് ലഭ്യമാക്കുന്നതുവരെ ചെലവ് തുക 4,20,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-30 മുൻകൂർ ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്

ഗ്രാമ പഞ്ചായത്തിന്റെ വിവിധ ഘടകസ്ഥാപനങ്ങൾക്ക് എസ്റ്റാബ്ലിഷ് മെന്റ് ചെലവിനത്തിൽ പൂറത്തൂർ ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 20.7.22 ലെ പിപി 18/11/268/22 നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുക അനുവദിച്ചിട്ടുണ്ട്. (ചെക്ക് നമ്പർ ജെ എഫ് 6936145/3.8.22)

| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുൻകൂർ അനുവദിച്ച തുക |
|---|---|
| കൃഷി ഓഫീസർ | 25,000 |
| ഐസിഡിഎസ് സൂപ്പർവൈസർ | 35,000 |
| വെറ്റിനറി സർജൻ | 35,000 |
| ഹെഡ്മാസ്ററർ | 24,000 |
| ഹെഡ്മാസ്ററർ | 50,000 |
| ഹെഡ്മാസ്ററർ | 50,000 |
| ഹെഡ്മാസ്ററർ | 21,600 |
| ആകെ | 2,40,600 |

മേൽ തുക ക്രമീകരിച്ചതിന്റെ വിവരം കാഷ്ബുക്കിൽ എഴുതി സൂക്ഷിക്കുകയും അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടില്ല. മേൽ തുക മൂന്ന് മാസങ്ങൾക്കുള്ളിൽ ക്രമീകരിച്ചതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നമ്പർ 30/14.11.23 ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല. മുൻകൂർ ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്

## 1-31 എസ്.എസ്.എ തുക അടവാക്കൽ: പദ്ധതി അപാകതൾ

| | |
|---|---|
| **പദ്ധതിയുടെ പേര്** | എസ്.എസ്.എ തുക അടവാക്കൽ (ജനറൽ) |
| **പ്രൊജക്ട് നം.** | 200/23 |
| **നിർവഹണം** | ഹെഡ് മാസ്റ്റർ |
| **അടങ്കൽ** | 15,00,000 |
| **ചെലവ്&അടങ്കൽ** | 15,00,000 |
| **ബിൽ റെഫ. നം./തിയതി** | 22150552047600460892/26.8.22 |
| **ഫണ്ട്** | പൊതു വിഭാഗം വികസന ഫണ്ട് |

GO(MS) 84/2022/LSGD Dt 19.04.2022 പദ്ധതി ആസൂത്രണ മാർഗ്ഗരേഖ ഖ.8.6.3 പ്രകാരം എസ്.എസ്.കെ. (സമഗ്ര ശിക്ഷ കേരളം) പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണം. പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം വിശദാംശങ്ങൾ സമഗ്ര ശിക്ഷ കേരളം. തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. കൂടാതെ ഇതേ മാർഗരേഖയിലെ ഖ. 8.6.4

പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്രശിക്ഷാ കേരളം പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങളുടെ/പരിപാടികളുടെ വിശദാംശങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ് എസ്.കെ. പ്രൊജക്ട് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ. വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ അടക്കമുള്ള പങ്കാളിത്തം എസ് എസ്.കെ. ഉറപ്പാക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ചെലവഴിക്കുമ്പോൾ അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് (Ultation Certificate) സമഗ്രശിക്ഷാ കേരളത്തിൽ നിന്ന് കൃത്യമായി നല്കുകയും വേണം.

എന്നാൽ ഹെഡ് മാസ്റ്റർ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പദ്ധതിയുടെ രേഖകൾ പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന അപാകതകൾ ഉണ്ട്.

1)പദ്ധതി തയ്യാറാക്കുന്നതിൽ പഞ്ചായത്തിന്റെ പങ്കാളിത്തം ഉറപ്പ് വരുത്തിയിട്ടില്ല.

2)പൂർത്തീകരിച്ച പദ്ധതിയുടെ വിശദാംശങ്ങൾ പഞ്ചായത്തിന് നൽകിയിട്ടില്ല.

3)ഓരോ സ്കൂളുകളിലും നടപ്പാക്കിയ പ്രവൃത്തനങ്ങൾ പഞ്ചായത്തിനെ അറിയിച്ചതായി കാണുന്നില്ല.

4)വികസന പദ്ധതികളിൽ പഞ്ചായത്ത് ഭാരവാഹികളുടെ പങ്കാളിത്തം ഉറപ്പാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

5)പ്രൊജക്ടിന്റെ വിശദമായ വിനിയോഗ സർട്ടിഫിക്കറ്റ് SSK യിൽ നിന്നും ലഭ്യമായിട്ടില്ല.

6)പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഓഡിറ്റിനു ഹാജരാക്കിയ ഫയലിൽ ഇല്ല.

കൂടാതെ ഹെഡ് മാസ്റ്റർ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ കാണുന്ന അപാകതകളും കാണുന്നു.

1)വരവു ചെലവുകൾ സ്ഥാപനത്തിന്റെ മെയിൻ കാഷ് ബുക്കിൽ (TR 7A)രേഖപ്പെടുത്തുകയോ സബ്സിഡിയറി രജിസ്റ്റർ (പഞ്ചായത്ത് വരവു ചെലവുകൾ മാത്രം രേഖപ്പെടുത്താവുന്ന) ഹാജരാക്കുകയോ ചെയ്തിട്ടില്ല.
2)വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട വരവു ചെലവ് വിശദാംശങ്ങൾ,ഫണ്ടിനം, ബിൽ/വൗച്ചർ നം. തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തേണ്ട നിർദിഷ്ട ഫോർമാറ്റിലെ പ്രൊജക്ട് രജിസ്റ്റർ പരിപാലിക്കുന്നില്ല.
3)വിവിധ ആനുകൂല്യങ്ങൾ കൈപറ്റുന്ന ഗുണഭോക്താക്കളുടെ കോഴ്സ്,വർഷം തുടങ്ങിയ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല (ഉദാ:- തുല്യതാ പരീക്ഷ-പ്രൊജക്ട് നം.201/23).

മറുപടിയാരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറി നം.34 /13.11.2023 ന മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്. ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ ചെലവ് തുക 15,00,000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-32 ഹോമിയോ മരുന്ന് ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ (സി എച്ച് സി ) നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ "ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ" (പ്രൊജക്ട് നം.234/23) എന്ന പദ്ധതിയുടെ ഭാഗമായി ബിൽ നം. 22150150552034600965351/28.12.2022 പ്രകാരം 2,00,000 (മെയിൻറനൻസ് ഗ്രാന്റ്:നോൺ റോഡ്) രൂപ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ്, ആലപ്പുഴ എന്ന സ്ഥാപനത്തിനു നൽകിയിട്ടുണ്ട് (Proforma Invoice No. PF-1013/25.10.2022). എന്നാൽ നാളിതു വരെ മരുന്ന് ലഭ്യമായിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നല്കിയ Audit Enquiry No.13/09.11.2023- ന് മറുപടി ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്തു വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-33 ചെലവു കണക്കുകൾ സുലേഖയിൽ ഉൾപ്പെട്ടില്ല

നിർവ്വഹണം- കൃഷി ഓഫീസർ
2022-23 സാമ്പത്തിക വർഷം അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ,നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചെലവു രേഖകൾ എന്നിവ പ്രകാരം താഴെ പറയുന്ന ചെലവുകൾ ഉണ്ട്.
1. ട്രഷറി ബിൽ -1/13.5.22- 269374 പമ്പ് സെറ്റിന് സബ്സിഡി ( 71/22)
2.ട്രഷറി ബിൽ -2/13.5.22- 11200 വെട്ടിമാറ്റിയതെങ്ങ്-ധനസഹായം ( 70/22)
എന്നാൽ ഈ ചെലവുകൾ സുലേഖ ചെലവു പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ 31/14-11-2023നമ്പർ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-34 കോവിഡ് പ്രധിരോധ പ്രവർത്തനങ്ങളും മറ്റു പകർച്ച വ്യാധി നിയന്ത്രണ

## പ്രവർത്തനങ്ങളും:പദ്ധതി അപാകതകൾ

| | |
|---|---|
| **പദ്ധതിയുടെ പേര്** | കോവിഡ് പ്രധിരോധ പ്രവർത്തനങ്ങളും മറ്റു പകർച്ച വ്യാധി നിയന്ത്രണ പ്രവർത്തനങ്ങളും |
| **പ്രൊജക്റ്റ് നം.** | 21/23 |
| **നിർവഹണം** | മെഡിക്കൽ ഓഫീസർ,സി എച്ച് സി |
| **അടങ്കൽ** | 1,50,000 |
| **ചെലവ്** | 1,26,842 |
| **ഫണ്ട്** | MG(NR) |

മെഡിക്കൽ ഓഫീസർ,സി എച്ച് സി നടപ്പിലാക്കിയ മേൽ പദ്ധതിയുടെ ഭാഗമായി താഴെ കാണുന്ന പ്രകാരമുള്ള വാങ്ങലുകൾ നടത്തിയിട്ടുണ്ട്.

| ക്രമ നം. | ഇനം | തുക | ബിൽ റെഫ. നം./തിയതി |
|---|---|---|---|
| 1 | ജെറ്റ് ഫോഗ് | 39426 | 22150552034601432132/ 22.3.23 |
| 2 | വിൻഡോസ് 11 ലാപ്ടോപ് | 57616 | 22150552034600784092/ 17.11.22 |
| | ആകെ | **97042** | |

പദ്ധതിയുടെ ഓഡിറ്റിനു ഹാജരാക്കിയ ഫയലുകൾ പരിശോധിച്ചതിൽ താഴെ കാണുന്ന അപാകതകൾ കാണുന്നു.

1. എ) ജി.ഒ(പി)നം.7/19/എസ്.പി.ഡി തിയതി 26-04-2019 പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25,000/-രൂപയ്ക്കു മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും GeM മുഖേനയാണ് സമാഹരിക്കേണ്ടത്. എതെങ്കിലും പ്രത്യേക ഇനം GeM ൽ ലഭ്യമല്ലാത്തതിനാലോ, ആയത് GeM മുഖേന വാങ്ങുന്നത് ഉചിതമല്ലെന്ന് വകുപ്പ് മേധാവിക്ക് ബോദ്ധ്യപ്പെട്ടാലോ, സ്പെസിഫിക്കേഷനോ ആവശ്യകതയോ വളരെ പ്രത്യേകതയുള്ളതാണെങ്കിലോ മാത്രം കാരണം രേഖപ്പെടുത്തിയതിനു ശേഷം സ്റ്റോർസ് പർച്ചേസ് മാന്വലിൽ സൂചിപ്പിച്ചിട്ടുള്ള മറ്റു മാർഗ്ഗങ്ങളിലൂടെ (ക്വട്ടേഷൻ, ടെണ്ടർ മുതലായവ) ആയത് വാങ്ങാവുന്നതാണ്. മേൽ പട്ടികയിലെ ക്രമ നം. 1 ന്റെ വാങ്ങൽ നടപടിയിൽ പ്രസ്തുത സർക്കാർ നിർദേശം പാലിക്കപ്പെട്ടതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

2. ക്രമ നം. 2 പ്രകാരമുള്ള ലാപ് ടോപ് കോവിഡാനന്തര കാലത്ത് പർച്ചെയ്സ് ചെയ്തതിന്റെ സാംഗത്യമോ കോവിഡുമായി ബന്ധപ്പെട്ട എന്ത് ആവശ്യത്തിനാണ് ഉപയോഗിച്ച് വരുന്നത് എന്നതോ നിലവിലെ അവസ്ഥ സംബന്ധിച്ച വിവരമോ വ്യക്തമല്ല.

3. മേൽ 2 ഇനങ്ങളുടെയും ഇൻവോയ്സിൽ സ്റ്റോക്ക് എൻട്രി സാക്ഷ്യപ്പെടുത്തുകയോ, ഇൻവോയ്സ് നം., തിയതി, സപ്ലയറുടെ വിവരം, വാറണ്ടി കാലയളവ് തുടങ്ങിയ പ്രസക്ത വിവരങ്ങൾ രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കുകയോ ചെയ്തിട്ടില്ല. കൂടാതെ ഉപകരണത്തിന്റെ നിലവിലെ കസ്റ്റോഡിയൻ ആരാണെന്നതോ രേഖാമൂലം അവർക്ക് കൈമാറിയതിന്റെ വിവരമോ, ഇൻസ്റ്റലേഷൻ രേഖകളോ ഉപയോഗ വിശദാംശമോ ഫയലുകളിൽ നിന്നും വ്യക്തമല്ല. ഓഡിറ്റ് എൻക്വയറി നമ്പർ 17/10.11.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കാത്തതിനാൽ ചെലവു തുക 97,042 രൂപ തടസത്തിൽ വെക്കുന്നു.

## 1-35 അസിസ്റ്റന്റ് എഞ്ചിനീയർ-കാഷ്ബുക്ക് എഴുതുന്നതിൽ അപാകത

ഒരു ഓഫീസിലെ സാമ്പത്തിക ഇടപാടുകളുടെ അടിസ്ഥാന രേഖയാണ് കാഷ്ബുക്ക്. കേരള ട്രഷറി കോഡ് റൂൾ 92 പ്രകാരം എല്ലാ സർക്കാർ ഓഫീസുകളിലും TR7A മാതൃകയിലുള്ള കാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച GO(P) 177/2006/Fin Dt 12.04.2006 നം ഉത്തരവിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ നിർവഹണോദ്യോഗസ്ഥരും നിശ്ചിത മാതൃകയിലുള്ള കാഷ്ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുമുണ്ട്.

അപാകതകൾ താഴെ നൽകുന്നു.

TR7A മാതൃകയിലുള്ള കാഷ് ബുക്ക് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

പരിശോധനക്കായി ലഭ്യമാക്കിയ സബ്സിഡിയറി കാഷ്ബുക്കിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1)കാഷ്ബുക്ക് ദിനേന, പ്രതിമാസ/വാർഷിക ക്ലോസിംഗ് നടത്തിയിട്ടില്ല.

2)കാഷ് ബുക്കിലെ രേഖപ്പെടുത്തലുകൾ ഒന്നും തന്നെ അസി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3)ചെലവുകളുടെ വൗച്ചർ നമ്പർ രേഖപ്പെടുത്തിയിട്ടില്ല.

അപാകതകൾ പരിഹരിച്ച് കാഷ്ബുക്ക് എഴുതി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ എൻക്വയറി 18/10.11.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ബാധകമായ ചട്ടങ്ങളും ഉത്തരവുകളും പാലിച്ച് കാഷ്ബുക്ക് എഴുതേണ്ടതാണ്. അസിസ്റ്റന്റ് എഞ്ചിനീയർ ഇക്കാര്യത്തിൽ ജാഗ്രത പുലർത്തേണ്ടതാണ്.

## 1-36 എം.സി.എഫ് നിർമ്മാണം-അനർഹമായ നിരക്ക് കാരണം കരാറുകാരന് അധികം നൽകിയത്-- 21,772/- രൂപ

നിർവ്വഹണം- അസി.എഞ്ചിനീയർ

മിനി എം.സി.എഫ് പടിഞ്ഞാറേക്കര എന്ന പ്രവൃത്തിയുടെ ഇനം 1 പ്രകാരമുള്ള സ്റ്റീൽ വർക്ക് പ്രവൃത്തികൾക്ക് ട്രസ്സ് വർക്കുകൾക്ക് അനുവദിക്കുന്ന DAR Code 10.16.1 പ്രകാരമുള്ള നിരക്കാണ് അനുവദിച്ച് നൽകിയിട്ടുള്ളത് . 9.11.23 ന് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ ഈ പ്രവൃത്തിയിൽ Frame വർക്കുമായി ബന്ധപ്പെട്ട വർക്കുകളാണ് ചെയ്തതെന്നും അതിന് DAR Code 10.25.2 പ്രകാരമുള്ള നിരക്കാണ് അനുവദിക്കാവുന്നത് എന്നും കണ്ടു.തെറ്റായ സ്പെസിഫിക്കേഷൻ പ്രകാരമുള്ള നിരക്ക് നൽകിയത് മൂലം അധിക ചെലവ് ഉണ്ടായിട്ടുണ്ട് . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് | (SO098/23) |
| അടങ്കൽ/ചെലവ് (₹) | 90,000/ 89889 |
| ടി എസ് | 766/22-23/(CI 36.44%) |
| കരാർ | 14/AE/LSGD/PRTR/2022-23 /10.6.2022 |
| എം ബുക്ക് | 205/2020-21 |
| കരാറുകാരൻ | ശ്രീ. എ.പി.പ്രകാശൻ |
| ബിൽ | 252/18.1.23- 89889 |
| Est.No | 2022/21579 |
| ഫണ്ട് | CFC |
| നൽകിയ തുക (DAR Code 10.16.1പ്രകാരം) (ഇനം 1) | ₹39073/- (230.01 Kg X 169.87/kg) |
| നൽകാവുന്ന തുക (DAR Code 10.25.2 പ്രകാരം) | 35681(230.01 Kg X 155.13/kg) |
| അധികം | ₹3799 ( ₹3392+12% GST) |

2.

| | |
|---|---|
| പ്രൊജക്റ്റ് | (SO0105/23) |
| അടങ്കൽ/ചെലവ് (₹) | 4,80,000/ 456147 |
| ടി എസ് | 1470/22-23/28.4..2022, (CI 36.44%) |
| കരാർ | 14/AE/LSGD/PRTR/2022-23 /10.6.2022 |
| എം ബുക്ക് | 199/2020-21 |
| കരാറുകാരൻ | ശ്രീ. എ.പി.പ്രകാശൻ |
| വൗച്ചർ/ബിൽ നമ്പർ. | 42200421/6.7.22- 3,36,000 77/6.7.22- 120147 |
| Est.No | 2022/23066 |
| ഫണ്ട് | CFC |
| നൽകിയ തുക (DAR Code 10.16.1 പ്രകാരം) | ₹1,84.300.46/- (1084.59 Kg X 169.87/kg) |

| | |
|---|---|
| (ഇനം 1) | |
| നൽകാവുന്ന തുക (DAR Code 10.25.2 പ്രകാരം) | 168252.44 (1084.59 Kg X 155.13/kg) |
| അധികം | ₹17973 ( ₹16048+12% GST) |

അധികം നൽകിയ തുക തിരിച്ചടവാക്കി അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പുകൾക്ക് (19/10.11.23, 20/10.11.23) മറുപടിയായി തെറ്റായ സ്പെസിഫിക്കേഷൻ കാരണം അധികം നൽകിയ തുക കരാറുകാരിൽ നിന്നും ഈടാക്കി തിരിച്ചടക്കുന്നതാണെന്ന് അസി.എഞ്ചിനീയർ അറിയിച്ചു. അധികം നൽകിയ 21772 രൂപ (3799+17973) തിരിച്ചടവാക്കി അറിയിക്കേണ്ടതാണ്. (വിശദാംശങ്ങൾ ഖണ്ഡിക 3-1 ൽ പ്രതിപാദിച്ചിരിക്കുന്നു.)

## 1-37 മാതൃകാ ലൈബ്രറി സജ്ജീകരിക്കൽ:പദ്ധതി അപാകതകൾ

| | |
|---|---|
| **പദ്ധതിയുടെ പേര്** | പുറത്തൂർ GWLP സ്കൂളിൽ മാതൃകാ ലൈബ്രറി സജ്ജീകരിക്കൽ |
| **പ്രൊജക്ട് നം.** | 224/23 |
| **നിർവഹണം** | ഹെഡ് മാസ്റ്റർ |
| **അടങ്കൽ** | 505000 |
| **ചെലവ്** | 505000 |
| **ചെക്ക് നം./ബിൽ റെഫ. നം./തിയതി** | A)JC-4887106/22.3.23-495500<br>B)22150552047601269479/1.3.23- 10000 |
| **ഫണ്ട്** | 495500(തനതു ഫണ്ട്)<br>10000(പ്ലാൻ ഫണ്ട് |
| **ഇൻവോയ്സ്** | KKD/172/25 തിയതി 23.12.22 |

ഹെഡ് മാസ്റ്റർ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പദ്ധതിയുമായി ബന്ധപ്പെട്ട ഓഡിറ്റിനു ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു

1.) ഈ പദ്ധതിക്കായി ക്വട്ടേഷൻ ക്ഷണിക്കാതെയാണ് ARTCO യെ തെരെഞ്ഞെടുത്തിട്ടുള്ളത്,എന്നാൽ ജി,ഒ (ആർ.ടി) നമ്പർ 1/2021/SPD/തിയതി 5.1.2021 ഉത്തരവ് പ്രകാരം സർക്കാർ സ്ഥാപനങ്ങൾ ക്വട്ടേഷൻ ക്ഷണിക്കാതെ ARTCO യിൽനിന്നും ഉപകരണങ്ങൾ വാങ്ങുമ്പോൾ ARTCO മാനേജരിൽ നിന്നും പ്രസ്തുത ഉപകരണങ്ങൾ ARTCO യിൽ സ്വയം നിർമ്മിച്ചതാണ് എന്ന സാക്ഷ്യപത്രം വാങ്ങേണ്ടതാണ് എന്ന നിർദേശം ഉണ്ട്. ആയത് പാലിക്കപ്പെട്ടിട്ടില്ല.

2. മേൽ ഉത്തരവിലെ ഖണ്ഡിക 4 പ്രകാരം സർക്കാർ സ്ഥാപനങ്ങൾ ക്വട്ടേഷൻ ക്ഷണിക്കാതെ ARTCOയിൽ നിന്നും ഉപകരണങ്ങൾ വാങ്ങുമ്പോൾ ARTCO സ്വയം നിർമ്മിച്ച വസ്തുക്കൾ മാത്രമാണ് ക്വട്ടേഷൻ കൂടാതെ വാങ്ങുന്നതിന് അനുവാദമുള്ളത്. എന്നാൽ വിതരണം ചെയ്യപ്പെട്ടിട്ടുള്ള 55 ഇഞ്ച് LED Smart TV സ്വയം നിർമ്മിച്ച ഇനങ്ങളുടെ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ടതല്ല. മാത്രമല്ല ജി.ഒ(പി)നം.7/19/എസ്.പി.ഡി തിയതി 26-04-2019 പ്രകാരം GeM വഴി വാങ്ങേണ്ടിയിരുന്ന മാർക്കറ്റിൽ പരമാവധി 40,000 രൂപ മാത്രം വിലയുള്ള പ്രസ്തുത ടി വിക്ക് 70,272 രൂപ വില ഈടാക്കിയിട്ടുള്ളതായും കാണുന്നു. ടി വി സപ്ലൈ ചെയ്ത ഷോപ്പിൽ നിന്നുള്ള യഥാർത്ഥ വില കാണിക്കുന്ന ഇൻവോയ്സ് ഓഡിറ്റിനു ഹാജരാക്കിയ ഫയലിൽ ഇല്ല. വാരണ്ടി കാലയളവിലുള്ള സർവീസ് നല്കാനുള്ള ചുമതല ആർക്കാണെന്നും വ്യക്തമല്ല. ARTCO യുമായി ഇക്കാര്യത്തിൽ കരാർ ചമച്ചതായും കാണുന്നില്ല.

3. പദ്ധതിയുടെ ഭാഗമായി നടപ്പാക്കിയിട്ടുള്ള ജിപ്സം സീലിംഗ്, ശിശു സൗഹൃദ ചുമർ ചിത്രം വരക്കൽ തുടങ്ങിയ പ്രവർത്തികൾക്ക് ജി.ഒ (പി) നമ്പർ 7/2022/FIN/തിയതി 17.1.2022 ഉത്തരവ് ഖണ്ഡിക 4 പ്രകാരം ബാധകമായ SoR (Schedule Of Rate) ആണോ നല്കിയത് എന്നത് വ്യക്തമാക്കുന്ന രേഖകളും ചെയ്ത പ്രവർത്തികൾക്കുള്ള അസി. എഞ്ചിനിയറുടെ മൂല്യ നിർണയ രേഖകളും ലഭ്യമല്ല. ജി.ഒ.(പി) നം.67/2021/ഫിൻ. തീയതി 28.04.2021 പാര 8.2 പ്രകാരം അതാത് പ്രവൃത്തിക്ക് ബാധകമായ ഷെഡ്യൂൾ നിരക്ക്, കോസ്റ്റ് ഇൻഡക്സ് എന്നിവക്കനുസരിച്ച് പ്രൈസ് സോഫ്റ്റ് വെയറിൽ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണ്. ആയതും പാലിക്കപ്പെട്ടിട്ടില്ല. അപാകതകൾക്ക് മറുപടി നല്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നമ്പർ-30/14.11.2023 ന മറുപടി ലഭ്യമായിട്ടില്ല. ചെലവു തുക 5,05,000 രൂപ തടസത്തിൽവെക്കുന്നു.

## 1-38 ഇ-ടെണ്ടർ ഫീ പഞ്ചായത്തിലേക്ക് ലഭിച്ചില്ല.

2022-23 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ കരാറുകാർ അടവാക്കിയ തുക പഞ്ചായത്ത് ഫണ്ടിൽ അടവ് വന്നതായി കാണുന്നില്ല. GO(MS)3186/2017/LSGD തി. 2.10.17

ഉത്തരവ് പ്രകാരം E-Tender ആവശ്യത്തിനായി SBI യിൽ അക്കൗണ്ട് തുടങ്ങാൻ നിർദേശിച്ചിട്ടുണ്ട്. ആയത് പ്രകാരം 2023 ഏപ്രിൽ മാസത്തിൽ എസ്.ബി.ഐ തിരൂർ ബ്രാഞ്ചിൽ41795061337 നമ്പറായി അക്കൗണ്ട് തുടങ്ങിയിട്ടുണ്ടെങ്കിലും ഇ ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ നാളിതുവരെ പഞ്ചായത്തിന് ലഭിക്കാനുള്ള തുകയൊന്നും വരവ് വന്നിട്ടില്ല.

ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വിവരം അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ 21/10.11.23 നമ്പർ അന്വേഷണക്കുറിപ്പിന് മറുപടിയായി ഇ-ടെണ്ടർ ഫീസിനത്തിലെ തുക ലഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അസി.എഞ്ചിനീയർ അറിയിച്ചു. തുടർനടപടി വിവരംഅറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 എം.സി.എഫ് നിർമ്മാണം-അനർഹമായ നിരക്ക് കാരണം കരാറുകാരന് അധികം നൽകിയത് 21772രൂപ

നിർവ്വഹണം- അസി.എഞ്ചിനീയർ

മിനി എം.സി.എഫ് പടിഞ്ഞാറേക്കര എന്ന പ്രവൃത്തിയുടെ ഇനം 1 പ്രകാരമുള്ള സ്റ്റീൽ വർക്ക് പ്രവൃത്തികൾക്ക് ട്രസ്സ് വർക്കുകൾക്ക് അനുവദിക്കുന്ന DAR Code 10.16.1 പ്രകാരമുള്ള നിരക്കാണ് അനുവദിച്ചു നൽകിയിട്ടുള്ളത് . 9.11.23 ന് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ ഈ പ്രവൃത്തിയിൽ Frame വർക്കുമായി ബന്ധപ്പെട്ട വർക്കുകളാണ് ചെയ്തതെന്നും അതിന് DAR Code 10.25.2 പ്രകാരമുള്ള നിരക്കാണ് അനുവദിക്കാവുന്നത് എന്നും കണ്ടു.തെറ്റായ സ്പെസിഫിക്കേഷൻ പ്രകാരമുള്ള നിരക്ക് നൽകിയത് മൂലം അധിക ചെലവ് ഉണ്ടായിട്ടുണ്ട് . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് | (SO098/23) |
| അടങ്കൽ/ചെലവ് (₹) | 90,000/ 89889 |
| ടി എസ് | 766/22-23/(CI 36.44%) |
| കരാർ | 14/AE/LSGD/PRTR/2022-23 /10.6.2022 |
| എം ബുക്ക് | 205/2020-21 |
| കരാറുകാരൻ | ശ്രീ. എ.പി.പ്രകാശൻ |
| വൗച്ചർ/ബിൽ | 252/18.1.23- 89889 |
| Est.No | 2022/21579 |
| ഫണ്ട് | CFC |
| നൽകിയ തുക (DAR Code 10.16.1പ്രകാരം) (ഇനം 1) | ₹39073/- (230.01 Kg X 169.87/kg) |
| നൽകാവുന്ന തുക (DAR Code 10.25.2 പ്രകാരം) | 35681(230.01 Kg X 155.13/kg) |
| അധികം | ₹3799 ( ₹3392+12% GST) |

2.

| | |
|---|---|
| പ്രൊജക്ട് | (SO0105/23) |

| | |
|---|---|
| അടങ്കൽ/ചെലവ് (₹) | 4,80,000/ 456147 |
| ടി എസ് | 1470/22-23/28.4..2022, (Cl 36.44%) |
| കരാർ | 14/AE/LSGD/PRTR/2022-23 /10.6.2022 |
| എം ബുക്ക് | 199/2020-21 |
| കരാറുകാരൻ | ശ്രീ. എ.പി.പ്രകാശൻ |
| ബിൽ/വൗച്ചർ | 42200421/6.7.22- 3,36,000<br>77/6.7.22- 120147 |
| Est.No | 2022/23066 |
| ഫണ്ട് | CFC |
| നൽകിയ തുക (DAR Code 10.16.1പ്രകാരം) (ഇനം 1) | ₹1,84.300.46/- (1084.59 Kg X 169.87/kg) |
| നൽകാവുന്ന തുക (DAR Code 10.25.2 പ്രകാരം) | 168252.44 (1084.59 Kg X 155.13/kg) |
| അധികം | ₹17973 ( ₹16048+12% GST) |

അധികം നൽകിയ തുക തിരിച്ചടവാക്കി അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പുകൾക്ക് (19/10.11.23, 20/10.11.23) മറുപടിയായി തെറ്റായ സ്പെസിഫിക്കേഷൻ കാരണം അധികംനൽകിയ തുക കരാറുകാരിൽ നിന്നും ഈടാക്കി തിരിച്ചടക്കുന്നതാണെന്ന് അസി.എഞ്ചിനീയർ അറിയിച്ചു. അധികം നൽകിയ 21772 രൂപ (3799+17973) മെഷർ ചെയ്ത് ബില്ല് തയ്യാറാക്കിയ അസി.എഞ്ചിനീയർ ചെക്ക് മെഷർ ചെയ്ത അസി.എക്സി.എഞ്ചിനീയർ എന്നിവരുടെ ബാധ്യതയായി കണക്കാക്കി തിരിച്ചടവാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2022-23 | 2022-23 വർഷത്തെ ഓഡിറ്റ് കാലയളവിൽ പരിശോധിച്ചു | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| | വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 554537 | സ്ഥിരം കൃഷി-നെല്ല്-138 | 554537 | 0 |
| | 830000 | ലൈഫ്ഭവന നിർമ്മാണം എസ്.സി-115 | 830000 | 0 |
| | 220000 | ലൈഫ്ഭവന നിർമ്മാണം ജനറൽ(SO)-60/22 | 220000 | 0 |
| | 1000000 | ലൈഫ്ഭവന നിർമ്മാണം ജനറൽ-114 | 1000000 | 0 |
| | 100000 | അഗതി രഹിത കേരളം പദ്ധതി-218 | 100000 | 0 |
| | 192900 | ഭിന്ന ശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-116 | 192900 | 0 |
| ജില്ലാ പഞ്ചായത്ത് | 2390000 | ലൈഫ്ഭവന നിർമ്മാണം എസ്.സി-115 | 2390000 | 0 |
| | 170000 | ഭിന്ന ശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-116 | 170000 | 0 |
| | 125000 | പാലിന് സബ്സിഡി-136 | 125000 | 0 |
| | 145000 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ്-166 | 145000 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ /വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ലഭ്യമല്ല | 37261605 | 23668235 | 6454668 | . | 54475172 |
| കോപറേറ്റീവ് ബാങ്ക് | ലഭ്യമല്ല | 0 | 600,469 | 0 | . | 600,469 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 4287616 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 4287616 |
| തന്നാണ്ടിൽ പിൻവലിച്ച തുക | NIL |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 4287616 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| പുറത്തൂർ സർവീസ് സഹകരണ ബാങ്ക് (രശീതി നമ്പർ 14443/16322 | 1852742 |
| തിരൂർ സർവീസ് സഹകരണ ബാങ്ക് (രശീതി നമ്പർ )Fd 113/341/9 , 20-1-22 | 2434874 |
| ആകെ | 4287616 |

കുറിപ്പ്:- ഭൗതിക പരിശോധനക്ക് ഹാജരാക്കിയ രേഖകൾ പ്രകാരം 3532203 രൂപയുടെ സ്ഥിരനിക്ഷേപമാണ് ഉള്ളത്. വാർഷിക കണക്കുകളുമായുള്ള വ്യത്യാസം വിശദീകരിക്കേണ്ടതുമാണ്.

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നം |
|---|---|---|---|---|
| 2020-21 | 1-12 | 5000 | ഐ.ഇ.ടി സ്കൂൾ,മരവന്ത | 1<br><br>1220301021/29 /04/2022 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 31 | 2003-04 | മറ്റ് പരാമർശങ്ങൾ ഒറ്റ നോട്ടത്തിൽ | റോഡ് പ്രവൃത്തി | നടപടി തുടരുന്നു |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

| ക്രമ നമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ | ചാർജ്ജ്/ സർചാർജ്ജ് സർട്ടിഫിക്കറ്റ് നമ്പർ | തുക | അവശേഷിക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | 1998-99 | 39 | പി.മുഹമ്മദ്കുട്ടി | LF18459/sp.cell/sc5/03 29.05.04 | 3,822 | 3,822 | ലഭ്യമല്ല |
| 2 | 1998-99 | 40 | പി.മുഹമ്മദ്കുട്ടി | -Do- | 1,193 | 1,193 | ടി |
| 3 | 1999-00 | 33-1 | എം.പിരാധാകൃഷ്ണൻ, എ.ഇ.ഇ | LF23905/sp.cell/sc D1/11 Dt. 19.10.12 | 5,958 | 5,958 | ടി |
| 4 | 1999-00 | 33-1 | കെ.ബാലൻ, എ.ഇ | -Do- | 5,958 | 5,958 | ടി |

## 4-10 ഓഡിറ്റ് പ്രത്യാവലോകനം

### (എ). സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 200549542 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 219226195 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 21772 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4031313 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക | സർചാർജ് ചെയ്യാവുന്നത് | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 3-1 | 21772 | ശ്രീമതി.സിനു.എൻ , അസി.എഞ്ചിനീയർ- 10886<br>ശ്രീമതി .ജുമൈലത്ത്, അസി.എക്സി.എഞ്ചിനീയർ- 10886 |

**(സി). ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 101329 | ഡോ.ഷംജിത, മെഡിക്കൽ ഓഫീസർ,സി.എച്ച്.സി |
| 1-22 | 6,45,533 | ശ്രീമതി സിന്ധു ആർ ദാസ് ,സെക്രട്ടറി |
| 1-25 | 25,000 | ശ്രീ പ്രദീപ് ആർ,അസി. സെക്രട്ടറി |
| 1-27 | 1,90,000 | ഡോ.ഷംജിത, മെഡിക്കൽ ഓഫീസർ സി എച്ച് സി |
| 1-28 | 1052409 | ശ്രീമതി.ഹസ്ന.കെ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-29 | 4,20,000 | ശ്രീ സിന്ധു ആർ ദാസ് സെക്രട്ടറി |
| 1-31 | 15,00,000 | ശ്രീ. മുഹമ്മദ് സലീം, ഹെഡ് മാസ്റ്റർ |
| 1-34 | 97042 | ഡോ.ഷംജിത, മെഡിക്കൽ ഓഫീസർ സി എച്ച് സി |
| ആകെ | 4031313 | |

**(ഡി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഇ). നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(എഫ്). റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.**

ഇല്ല

| പേരും ഉദ്യോഗപ്പേരും | ഉപ്പോഴത്തെ മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.സിനു.എൻ , അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, പുറത്തൂർ ഗ്രാമപഞ്ചായത്ത് | പതിയംപറമ്പിൽ (ഹൗസ്) പുതുപ്പള്ളി. പി.ഒ മലപ്പുറം-676102 |
| ശ്രീമതി .ജുമൈലത്ത്, | അസി.എക്സി.എഞ്ചിനീയർ | തിരുനാവായ |

| | | |
|---|---|---|
| അസി.എക്സി.എഞ്ചിനീയർ | | കളത്തിൽ (ഹൗസ്) പാഴൂർ. പി.ഒ കുറ്റിപ്പുറം-679571, മലപ്പുറം ജില്ല |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികളുടെ എണ്ണം |
|---|---|---|
| 1998-1999 | കെ.എസ്.എ.എം.പി.എം.10/2032/2022(2), തീയ്യതി 03.10.2022 | 3 |
| 1999-2000 | കെ.എസ്.എ.എം.പി.എം.10/2032/2022(3), തീയ്യതി 03.10.2022 | 8 |
| 2000-2001 | കെ.എസ്.എ.എം.പി.എം.10/2518/2019(4), തീയ്യതി 12.03.2021 | 2 |
| 2001-2002 | കെ.എസ്.എ.എം.പി.എം.10/1136/2018, തീയ്യതി 06.08.2018 | 6 |
| 2002-2003 | കെ.എസ്.എ.എം.പി.എം.10/2518/2019(5), തീയ്യതി 08.03.2021 | 7 |
| 2004-2005 | കെ.എസ്.എ.എം.പി.എം.10/2032/2022(4), തീയ്യതി 03.10.2022 | 3 |
| 2006-2007 | കെ.എസ്.എ.എം.പി.എം.10/2032/2022(5), തീയ്യതി 03.10.2022 | 12 |
| 2007-2008 | കെ.എസ്.എ.എം.പി.എം.10/2032/2022(6), തീയ്യതി 06.10.2022 | 3 |
| 2008-2009 | കെ.എസ്.എ.എം.പി.എം.10/2032/2022(7), തീയ്യതി 06.10.2022 | 5 |
| 2009-2010 & 2010-2011 | കെ.എസ്.എ.എം.പി.എം.10/2032/2022(8), തീയ്യതി 06.10.2022 | 7 |
| 2011-2012 & 2012-2013 | എൽ.എഫ്.എം.24/629/15, തീയ്യതി 04.09.2015 | 18 |
| 2013-14 & 2014-15 | എൽ.എഫ്.എം.24/2062/16, തീയ്യതി 21.06.2017 | 8 |
| 2015-16 | കെ.എസ്.എ.എം.പി.എം.10/1536/2017, തീയ്യതി 21.02.2018 | 19 |
| 2016-17 | കെ.എസ്.എ.എം.പി.എം.10/2264/2017, തീയ്യതി 28.07.2018 | 14 |
| 2017-18 | കെ.എസ്.എ.എം.പി.എം.10/2780/2018, തീയ്യതി 04.06.2019 | 15 |
| 2018-19 | കെ.എസ്.എ.എം.പി.എം.10/565/2021, തീയ്യതി 28.06.2021 | 14 |
| 2019-20 | കെ.എസ്.എ.എം.പി.എം.10/1628/2022, തീയ്യതി 30.05.2022 | 21 |
| 2020-21 | കെ.എസ്.എ.എം.പി.എം.10/1629/2022, തീയ്യതി 30.05.2022 | 15 |
| 2021-22 | കെ.എസ്.എ.എം.പി.എം.10/3100/2022, തീയ്യതി 18.05.2023 | 20 |

**ഡെപ്യൂട്ടി ഡയറക്ടർ**
**മലപ്പുറം**

എം.എ.11/2023

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number PP/23/02 /234/2023 dated 26-07-2023 and submitted on 10-08-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Purathur Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Purathur Grama Panchayat for the year 2022-2023

**Date: 20/12/2023**

**Deputy Director**
**District Office Malappuram**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Purathur Grama Panchayat for the Year 2022-2023 .

**1.Major Observations**

Nil

**2.Other Observations**

1.Receipt from the FACTEOUS liscence as RP45 is not match with the register.

2.Balance in the C.F.C fund as B-4 is not match with the bank account for the purpose(K.G.B:40206101107416)

3..Receipt from the profession tax-traders as RP45 is not match with the register.

4.Receipt from the Auction as RP33 is not match with the register.

5.Capital contribution spent by N.R.E.G.S is wrongly marked in B-3.

6. Advance given to N.R.E.G.S as in the RP-49 is not match with Register.

7.Cash spent for poverty alleviation process as I-14( C) is not match with the register.

8.The following registers are not updated.

a. Asset register.

b.Audit recovery register.

c.Loan register.

d. Investment register.

e.Advance register

8.A.F.S is not matching with Sulekha statement in the case Joint venture project from block panchayath

9.Grant statement is not matching with A.F.S. in the case of Development fund general

10.Balance for the purpose rural housing for all as B-4 is not matching with balance of the bank accounts using for the purpose.

11.A.C.R is not keeping for the special purpose schemes shown in B-4.

12.Receipt from the item Auction of timber as RP-5 is not match with register.

13.Receipt from the item ferry charge as RP-4 is not match with its ledger.

14..Receipt from the itemmarket as RP-4 is not ma ch with register.

15..Receipt from the itembus stand fees is not added in the A.F.S

16.Balance in the Kerala Gramin Bank (A/C40206101071102) as 40(b) is not match with reconciliation statement.

17.As 40(b), there is a balance of 34608/- Nationalised bank account of revenue own fund,but not presented bank statement for physical verification

18.Balance in the item property tax on non residential is not match with its D.C.B

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ പുറത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്